# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂലൈ 11, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--314]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 689 മുതൽ 788 വരെ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 789 മുതൽ 890 വരെ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : 891 മുതൽ 970 വരെ |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : 971 മുതൽ 1002 വരെ |

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ പുനർ നിയമനം

689. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ റിട്ടയർ ചെയ്ത എഞ്ചിനീയർമാർക്ക് പുനർ നിയമനം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) കോർപ്പറേഷന് ലഭിക്കുന്ന വർക്കുകൾ മറ്റ് ഏജൻസികൾക്ക് നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ മറ്റെന്തെങ്കിലും ആക്ഷേപങ്ങൾ,ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരം നൽകുമോ?

## 'ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി'

690. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2015-16-ൽ 'ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി'യിൽ ഉൾപ്പെടുത്തി അനുവദിച്ച ഗ്രാമീണ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഉൾപ്പെടുത്തിയതും ടെണ്ടർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചതുമായ (ക്രമ നം 100) തെക്കേക്കര ഗ്രാമപഞ്ചായത്തിലെ പള്ളിക്കൽ ഈസ്റ്റ്പാൽസൊസൈറ്റി റോഡ്, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത റോഡിനുപകരം തഴക്കര ഗ്രാമപഞ്ചായത്തിലെ തഴക്കര ഓവർബ്രിഡ്ജ്-പൈനാംമൂട് റോഡ് പ്രസ്തുത ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് 11-01-2016-ൽ എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

## ടൂറിസം ഹൈവേയുടെ നിർമ്മാണം

691. ശ്രീ.മോൻസ് ജോസഫ്

,, റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 വർഷത്തിലധികമായി അലൈൻമെന്റ് നിർണ്ണയിച്ച മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ നിർമ്മാണ പ്രവർത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണം നീളുന്നതിന് കാരണം വ്യക്തമാക്കുമോ;

(സി) വികസന പ്രവർത്തനങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് ത്വരിതപ്പെടുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ പരിധിയിൽപെടുത്തി മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ നിർമ്മാണപ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ദേശീയപാത വികസനത്തിനുള്ള കർമ്മ പദ്ധതികൾ

T 692. ശ്രീ.വി.റ്റി.ബൽറാം

,, റോജി എം. ജോൺ

,, അനിൽ അക്കര

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) മുൻസർക്കാർ വിളിച്ചുകൂട്ടിയ സർവ്വകക്ഷിയോഗത്തിൽ ദേശീയപാതകളുടെ വീതി എത്രയാണെന്നാണ് തീരുമാനമായിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി ഭൂമി ഏറ്റെടുക്കാൻ എന്തെല്ലാം അതിവേഗ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന പ്രശ്ന പരിഹാരത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിലും അറ്റകുറ്റ പണികളിലുമുള്ള അപാകതകൾ

693. ശ്രീ.എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിലും അറ്റകുറ്റ പണികളിലുമുള്ള അപാകതകൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഓഫീസുകൾ നിർമ്മിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ

694. ശ്രീ.എൽദോ എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളവ

ഏതൊക്കെയാണെന്നും അവയുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ;

(സി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ ?

<u>ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം</u>

695. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ;

(ബി) അതിനായി ഇൻവെസ്റ്റിഗേഷൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ മുതലായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി എത്ര തുക നീക്കിവയ്ക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>എം സി റോഡിൻെറ നവീകരണം</u>

696. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിൽ തയ്ക്കാട് മുതൽ പന്തളം വരെയുള്ള ഭാഗം വീതി കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വീതി കൂട്ടുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(സി) വെഞ്ഞാറമൂട് ജംഗ്ഷനിലും സമീപത്തും എത്ര മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത വീതി കൂട്ടൽ പ്രവൃത്തിയുടെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ, ഇവയുടെ നഷ്ടപരിഹാരം നൽകൽ തുടങ്ങിയവയെക്കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തി എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) പ്രസ്തുത റോഡിന്റെ തയ്ക്കാട് മുതൽ കാരേറ്റ് വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് ലഭ്യമാക്കുമോ?

<u>എം. എൽ. എ. മാരുടെ പി.എ. മാർക്ക്സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിലെ തടസ്സം</u>

697. **ശ്രീ.അടൂർ പ്രകാശ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ., കെ. എസ്.ഇ.ബി., കെ. എസ്. ആർ.റ്റി.സി., മുതലായ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എം.എൽ.എ. മാരുടെ പി.എ. മാരായി വരുന്നവർക്ക് സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊ ള്ളേണ്ടതായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പി.എ. മാരായി ഡെപ്യൂട്ടേഷനിൽ എത്തുമ്പോൾ ഖജനാവിൽ നിന്നും ശമ്പളം ലഭിക്കുന്നതുകൊണ്ട് ക്വാർട്ടേഴ്സുകൾ നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്കു നൽകുന്നതു പോലെ എം.എൽ.എ. മാരുടെ പി.എ. മാർക്കും പത്ത് ശതമാനം സർക്കാർ ക്വാർട്ടേഴ്സുകൾ മാറ്റിവെയ്ക്കാൻ ഉത്തരവ് നല്കുമോ?

<u>ബി.എം & ബി.സി. സാങ്കേതികവിദ്യയിൽ ടാർ ചെയ്യുന്ന റോഡുകളുടെ ഗ്യാരണ്ടിക്കാലാവധി</u>

698. ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലോമീറ്ററിന് ഒരു കോടി രൂപ മുതൽമുടക്കി ബി.എം & ബി.സി. സാങ്കേതികവിദ്യയിൽ ടാർ ചെയ്യുന്ന റോഡുകളുടെ ഗ്യാരണ്ടിക്കാലാവധി 5 വർഷമെങ്കിലും ആയി ഉയർത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>പി.ഡബ്ല്യൂ.ഡി റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപനം</u>

699. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പി.ഡബ്ല്യൂ.ഡി റോഡിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി 2000 മുതൽ ഈ കാലയളവുവരെ ഏതൊക്കെ ടെലികോം ഓപ്പറേറ്റർമാരുമായിട്ടാണ് ഗവൺമെന്റ് കരാറിൽ (റോ, റൈറ്റ് ഓഫ് വേ) ഏർപ്പെട്ടിട്ടുള്ളത്; എന്തൊക്കെയാണ് വ്യവസ്ഥകൾ;

(ബി) ഓരോ കമ്പനിയും എത്ര കിലോമീറ്റർ ദൂരം വീതം കേബിൾ ഇട്ടിട്ടുണ്ട്;

(സി) കേബിൾ ഇടുന്നതിനുള്ള അഡീഷണൽ കുഴലുകൾ മാത്രമായി ഏതൊക്കെ കമ്പനികൾ ഇട്ടിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം രേഖകളാണ് സർക്കാറിന്റെ പക്കൽ ഉള്ളത്; വ്യക്തമാക്കുമോ;

(ഡി) പി.ഡബ്ല്യൂ.ഡി റോഡിൽക്കൂടി കേബിൾ ഇടുന്നതിനായി നിശ്ചയിക്കപ്പെട്ട വാടക എത്രയാണ്; വാടക ഇനത്തിൽ സർക്കാരിലേക്ക് എത്ര തുക ലഭിച്ചിട്ടുണ്ട്;

(ഇ) സർക്കാരുമായിട്ടുള്ള വ്യവസ്ഥകൾ പാലിച്ചാണോ കമ്പനികൾ കേബിൾ സ്ഥാപിച്ചിട്ടുള്ളത്; എത്ര കിലോമീറ്റർ കേബിൾ അനധികൃതമായി സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിയ്ക്കാമോ?

<u>കരമന -കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ടനിർമ്മാണം</u>

700. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 47 കരമന -കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ടനിർമ്മാണത്തിനായി സ്ഥലമേറ്റെടുത്തവർക്ക് നഷ്ടപരിഹാര തുക ഇനിയും നൽകാനുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള രണ്ടാംഘട്ടനിർമ്മാണം എന്ന് ആരംഭിക്കുമെന്ന് അറിയിയ്ക്കുമോ?

<u>ശ്രീ ശങ്കരാ പാലത്തിന് സമാന്തരമായി പുതിയ പാലം</u>

701. ശ്രീ.എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ അങ്കമാലി നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന എം.സി. റോഡിലെ ശ്രീ ശങ്കരാ പാലത്തിലെ ഗതാഗതക്കുരുക്ക് അതിരൂക്ഷമായ സാഹചര്യത്തിൽ, ഇതിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എവിടംവരെ ആയി എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>മധുര കോട്ടയം ചേർത്തല ടൂറിസം ഹൈവേയുടെ നിർമ്മാണ പ്രവർത്തനം</u>

702. ശ്രീ.റോഷി അഗസ്റ്റിൻ
,, സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ്

ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മധുര കോട്ടയം ചേർത്തല ടൂറിസം ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പതിമൂന്ന് വർഷത്തിലധികമായി അലൈൻമെന്റ് നിർണ്ണയിച്ച് ആരംഭിച്ചിട്ടുള്ള പ്രസ്തുത ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീളുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പാതയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്താമോ?

## ഹൈവേ റോഡുകൾ വീതികൂട്ടുവാൻ നടപടി

703. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കിലോമീറ്റർ നീളത്തിൽ സംസ്ഥാന ഹൈവേ റോഡുകൾ ഉണ്ട്; ഇതിന്റെ പേരുവിവരം സഹിതം വിശദമാക്കുമോ; അവയുടെ വീതി എത്ര വീതമാണുള്ളത്;

(ബി) വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ സംസ്ഥാന ഹൈവേ റോഡുകളുടെ വീതി വർദ്ധിപ്പിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ എത്ര കിലോമീറ്റർ നീളത്തിൽ നാഷണൽ ഹൈവേ റോഡുകൾ ഉണ്ട്; അവയുടെ പേരു വിവരം സഹിതം വിശദമാക്കുമോ; അവയുടെ വീതി എത്ര വീതമെന്നും വിശദമാക്കാമോ;

(ഡി) വലിയതോതിലുള്ള വാഹനപെരുപ്പവും ജനസംഖ്യാവർദ്ധനവും പരിഗണിച്ച് നിലവിലുള്ള റോഡുകളുടെ വീതികൂട്ടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വിശദമാക്കാമോ?

## റോഡ് നിർമ്മാണത്തിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

704. ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിലെ നിലവാരമില്ലായ്മ സംബന്ധിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി നാളിതുവരെ നില നിന്നിരുന്ന സംവിധാനങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) റോഡ് നിർമ്മാണത്തിലെ നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ പുതിയതായി സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

## റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ഏറ്റെടുത്ത പ്രവൃത്തികൾ

705. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന സ്ഥാപനം കേരളത്തിൽ എത്ര പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്; അവ ഏതെല്ലാം; ഓരോന്നിന്റെയും തുകയെത്ര?

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെ ജില്ലയിലാണെന്ന് അറിയിക്കുമോ;

(സി) പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ദേശീയ പാത ഒഴികെയുള്ള റോഡുകളുടെ വികസനം

706. ശ്രീ.കെ.സുരേഷ് കുറുപ്പ്
,, ജോർജ് എം. തോമസ്
,, കെ.വി.വിജയദാസ്
,, കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാത ഒഴികെയുളള പ്രധാന റോഡുകളെ ദേശീയ നിലവാരത്തിലുളള റോഡുകളാക്കി മാറ്റുവാൻ ആലോചിക്കുന്നുണ്ടോ; അതിനുളള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആദ്യ ഘട്ടങ്ങളിൽ ഏതെല്ലാം റോഡുകളാണ് ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനാവശ്യമായി വരുന്ന തുക എത്രയെന്നും, ഈ തുക ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) റോഡുകളുടെ നിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുമോ?

അയിലം പാലം നിർമ്മാണം

707. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) അയിലം പാലം നിർമ്മാണത്തിനായി ആകെ എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

ചെറിയ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യാൻ നടപടി

708. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ചെറിയ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ടെണ്ടർ ചെയ്യുന്നതു മൂലം ചെറുകിട കരാറുകാർക്ക് പ്രവർത്തി എടുക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിവിധ സെക്ഷനുകളിലെ പ്രവൃത്തികൾ ഒറ്റ യൂണിറ്റായി ടെണ്ടർ ചെയ്യുന്നതുമൂലം പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം ഇല്ലാതാക്കുന്നതിന് ചെറിയ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

റോഡ് നിർമ്മാണത്തിന് റബ്ബറും പ്ലാസ്റ്റിക്കും ഉപയോഗപ്പെടുത്താൻ കർമ്മ പദ്ധതി

709. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിന് റബ്ബറും പ്ലാസ്റ്റിക്കും ഉപയോഗപ്പെടുത്തുന്നതിന് കർമ്മ പദ്ധതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അതിനൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാനത്തിന് വളരെയേറെ പ്രയോജനപ്രദമാകുമെന്നതിനാൽ വിശദമായ പഠനം ഇക്കാര്യത്തിൽ നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; പഠനം നടത്തുമെങ്കിൽ സമയബന്ധിതമായി ആയത് പൂർത്തിയാക്കി പദ്ധതി ത്വരിതഗതിയിൽ നടപ്പിലാക്കുമോ ?

## സ്പീഡ് കേരള പദ്ധതി

710. ശ്രീ.അൻവർ സാദത്ത്

,, സണ്ണി ജോസഫ്

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, അനിൽ അക്കര **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സ്പീഡ് കേരള പദ്ധതി ' നടപ്പാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വ്യക്തമാക്കാമോ;

(സി) ഇതിന്റെ നിർവ്വഹണത്തിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

## കോർ റോഡ് നെറ്റ് വർക്ക് പദ്ധതി

711. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, കെ.എസ്.ശബരീനാഥൻ

,, കെ.സി.ജോസഫ്

,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർ റോഡ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കുന്നതിന് മുൻ ഗവൺമെൻറ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

## ടൂറിസം ഹൈവേയുടെ സ്ഥലമെടുപ്പ് നടപടികൾ

712. ശ്രീ.കെ.ബി.ഗണേഷ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കുള്ള സ്ഥലം ഏറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുമോ ;

(ബി) പതിമൂന്ന് വർഷത്തോളമായി അലൈൻമെന്റ് നിശ്ചയിച്ച് കല്ലിട്ടിട്ടുള്ള പ്രസ്തുത പാതയുടെ സ്ഥലമേറ്റടുപ്പ് നടപടികൾ തുടങ്ങാത്തതിനാൽ പ്രദേശവാസികൾ അനുഭവിക്കുന്ന വിവിധ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് , സ്ഥമെടുപ്പ് ജോലികൾ ത്വരിതപ്പെടുത്തിന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ

?

അടൂർ ജംഗ്ഷനിലെ പാലം പുനർനിർമ്മാണം

713. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ജംഗ്ഷനിലുള്ള പാലം തകർന്നത് മൂലം ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം അടിയന്തരമായി പുനർ നിർമ്മിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഏറനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഓഫീസ്

714. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ നിലവിലില്ലാത്ത നിയോജകമണ്ഡലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് പോലും ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ നിയോജക മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓരോ ഓഫീസ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസെങ്കിലും ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ജില്ലാ-സംസ്ഥാനതല ടാസ്ക് ഫോഴ്സുകളുടെ ശുപാർശ

715. ശ്രീ.ജോർജ് എം. തോമസ്
,, കെ. ബാബു
,, പി.വി. അൻവർ
,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല ടാസ്ക് ഫോഴ്സിന്റെയും (ഡി.എൽ.ടി.എഫ്) സംസ്ഥാനതല ടാസ്ക് ഫോഴ്സിന്റെയും പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ജില്ലാ-സംസ്ഥാനതല ടാസ്ക് ഫോഴ്സുകളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നും എത്ര തുകയ്ക്കുള്ള പ്രവൃത്തികൾ ആയിരുന്നെന്നും വിശദമാക്കാമോ;

(സി) ജില്ലാ-സംസ്ഥാനതല ടാസ്ക് ഫോഴ്സുകളുടെ ശുപാർശയിന്മേലല്ലാതെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഇങ്ങനെ അനുമതി നൽകാനുള്ള മാനദണ്ഡം എന്തായിരുന്നു; അനുമതി നൽകിയതിൽ ക്രമക്കേടുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് വിശദാംശം അറിയിക്കുമോ?

മഞ്ഞപ്ര സിവിൽ സ്റ്റേഷന് മുകളിൽ അപകടാവസ്ഥയിലുള്ള മരം മുറിച്ച് മാറ്റുന്നതിന് നടപടി

716. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര സിവിൽ സ്റ്റേഷന് മുകളിൽ അപകടാവസ്ഥയിൽ മരം ചരിഞ്ഞ് നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ജനങ്ങളുടെ ജീവനും കെട്ടിടത്തിന് ബലക്ഷയവും ഉണ്ടാക്കുന്ന തരത്തിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കാലവർഷം കടുത്തതോടെ ടി സിവിൽ സ്റ്റേഷന് ഭീഷണിയും പൊതുജനങ്ങൾക്ക് അപകടവും ഉണ്ടാക്കുന്ന മരം അടിയന്തരമായി മുറിച്ച് മാറ്റുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>കൊല്ലം ജില്ലയിലെ പി ഡബ്ല്യൂ ഡി റോഡുകളുടെ നിർമ്മാണം</u>

717. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 - 2016 കാലയളവിൽ കൊല്ലം ജില്ലയിലെ നിയോജക മണ്ഡലങ്ങളിൽ ബഡ്ജറ്റ് വിഹിതമായി തുക അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കിയ പി. ഡബ്ല്യൂ. ഡി. റോഡുകളുടെ ലിസ്റ്റും ഓരോ മണ്ഡലത്തിനും അനുവദിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കാമോ ?

<u>ഇറപ്പുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

718. **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ കെ.എസ്.ടി.പി. പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഇറപ്പുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻെറ കാരണം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന കരാറുകാരൻ മന:പൂർവ്വമായ കാലതാമസം സൃഷ്ടിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഗതാഗത തടസ്സം ഒഴിവാക്കാനായി പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

<u>ചേലക്കര നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ</u>

719. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ചേലക്കര നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച എതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് കെട്ടിടവിഭാഗം ചെയ്തുതീർക്കാനുള്ളത്; വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്താമാക്കാമോ ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അടിയന്തരമായി ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

<u>അനധികൃത ഭരണാനുമതികൾക്കെതിരെ നടപടി</u>

720. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എസ്റ്റിമേറ്റ് ഇല്ലാതെയും ഡി പി ആർ -ഇല്ലാതെയും റോഡുകൾക്ക് അനധികൃതമായി ഭരണാനുമതി നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം ഭരണാനുമതി നൽകിയ റോഡുകളുടെ ബില്ലുകൾ ഒന്നിലേറെത്തവണ മാറിയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം നടപടികൾ സ്വീകരിച്ചവർക്കെതിരെ നിയമാനുസൃതമായി നടപടി സ്വീകരിക്കുമോ ?

<u>മലപ്പുറം കോട്ടപ്പടി ബൈപാസ് നിർമ്മാണം</u>

721. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപാസ് നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് വിശദാംശം നൽകുമോ;

(ബി) ബൈപാസിനുള്ള സ്ഥലം മുഴുവൻ വിട്ടുകിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണ്; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>നാദാപുരം - മുട്ടുംങ്ങൽ സംസ്ഥാന പാതയാക്കി ഉയർത്താൻ നടപടി</u>

722. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം - മുട്ടുംങ്ങൽ റോഡ് സംസ്ഥാന പാതയാക്കി ഉയർത്തി ബി.എം. ആന്റ് ബി.സി. ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ?

<u>അങ്കമാലി പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ്</u>

723. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ മാസങ്ങളായി പൂട്ടിക്കിടക്കുന്ന പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് തുറന്നു പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റസ്റ്റ് ഹൗസിൽ ഫർണീച്ചർ വാങ്ങുന്നതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് വകുപ്പിന്റെ പരിഗണനയ്ക്കായി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പൂട്ടിക്കിടക്കുന്ന പുതിയ റസ്റ്റ് ഹൗസിൽ എത്ര മുറികളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പൂട്ടിക്കിടക്കുന്ന പുതിയ റസ്റ്റ് ഹൗസ് തുറന്നു പ്രവർത്തിക്കുന്നതിന് വകുപ്പ് മന്ത്രി സ്ഥലം സന്ദർശിച്ച് സത്വര നടപടി സ്വീകരിക്കുമോയെന്ന കാര്യം വ്യക്തമാക്കുമോ?

<u>ജില്ലാതല മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി</u>

724. ശ്രീ.ഐ.ബി. സതീഷ്

,, പി.ടി.എ. റഹീം

,, മുരളി പെരുനെല്ലി

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ജില്ലാതല മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി മുൻ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്തിരുന്നു; പദ്ധതിയുടെ

രൂപരേഖ തയ്യാറാക്കിയിരുന്നോ;

(സി) പദ്ധതിക്കായി ചെലവിട്ട തുക എത്ര ; പ്രസ്തുത പദ്ധതിയ്ക്കായി ഇനിയെത്ര തുക കൂടി വേണ്ടിവരും; ഇതിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർദ്ദിഷ്ട രീതിയിൽ നടപ്പാക്കാനാണോ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കായംകുളം അസംബ്ലി മണ്ഡലത്തിലെ മരാമത്ത് പണികൾ

725. ശ്രീമതി യു. പ്രതിഭാ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ 2014 - 2015, 2015 - 2016 കാലഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയെന്നും ഇവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം

726. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി; വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള ആകെ തുക എത്രയാണ്; ഇതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; ഇതിന്റെ നിർമ്മാണക്കരാർ ഏറ്റെടുത്ത കരാറുകാരൻ ആരാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ചെല്ലഞ്ചി പാലത്തിന്റെ പണികൾ നാളിതുവരെ എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ബാക്കി പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ചെല്ലഞ്ചി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അറിയിക്കുമോ?

മലപ്പുറം ജില്ലയിലെ പാലത്തിങ്ങൽ- ചുഴലി നടപ്പാലം അറ്റകുറ്റപ്പണി

727. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽപ്പെട്ട പാലത്തിങ്ങൽ- ചുഴലി നടപ്പാലം ശോച്യാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ വീതികൂട്ടുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

ബൈപ്പാസ് റോഡുകളുടെ നിർമ്മാണം

728. ശ്രീ.കെ.സി.ജോസഫ്

,, കെ.മുരളീധരൻ

,, വി.ഡി.സതീശൻ

,, എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>അങ്കമാലി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം</u>

729. **ശ്രീ.റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിൻെറ ഭാഗമായി പൊതുമരാമത്ത് ഉദ്യോഗസ്ഥരും അങ്കമാലി മണ്ഡലത്തിലെ ജനപ്രതിനിധികളും ഉൾപ്പെടെയുള്ളവർ 08.06.16 ൽ ചേർന്ന യോഗത്തിൽ നിർദ്ദേശിച്ച എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും ഇതിൽ പൂർത്തീകരിക്കാനുള്ള ബാക്കി പ്രവൃത്തികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഓടകളിൽ നിന്നും മാറ്റുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മണ്ണ് റോഡിൻെറ വശത്ത് തന്നെ ഇടുന്നതും , തുടരെ പെയ്യുന്ന മഴയിൽ ഇത് വീണ്ടും ഓടയിൽ തന്നെ വീണ് ഓട നിറയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി നിർദ്ദേശമെന്തെങ്കിലും മുന്നോട്ട് വച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) അങ്കമാലി മണ്ഡലത്തിലെ ആനപ്പാറ - കല്ലുകുളം റോഡിൻെറ പുനരുദ്ധാരണത്തിനും, മുക്കന്നൂർ - കരയാംപറമ്പ് , മഞ്ഞപ്ര പഞ്ചായത്തിലെ ഇടക്കുന്ന്, കറുകുറ്റി പഞ്ചായത്തിലെ കിടങ്ങാർ - ബദലഹേം എന്നി റോഡുകളുടെ വെള്ളക്കെട്ട്മാറ്റുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>കണ്ണൂർ വിമാനത്താവള റോഡ്</u>

730. **ശ്രീ.സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിലേക്ക് മാനന്തവാടിയിൽ നിന്നും ബോയ്സ് ടൗൺ കൊട്ടിയൂർ, പേരാവൂർ, മുരിങ്ങോടി, മേൽ മുരിങ്ങോടി, മുഴക്കുന്ന്, തില്ലങ്കേരി വഴി മട്ടന്നൂരിലേക്കുള്ള റോഡ് വിമാനത്താവള റോഡായി പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം നിലവിലുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ ഗതാഗത യോഗ്യമല്ലാത്ത ഭാഗം വീതി കൂട്ടി ബി.എം.ആന്റ് ബി.സി ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>അങ്കമാലി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം</u>

731. **ശ്രീ.റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡുകൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അങ്കമാലി മണ്ഡലത്തിലെ ഏതൊക്കെ പി.ഡബ്ല്യൂ.ഡി. റോഡുകളാണ് തകർന്ന് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) അങ്കമാലി മണ്ഡലത്തിലെ തകർന്ന 29 റോഡുകൾ പുനരുദ്ധരിക്കുന്നത് സംബന്ധിച്ച സി. ഇ./ആർ.& എഎംപി;ബി./ഇ. കെ. എം./6437/16 നമ്പർ ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം

ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

732. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ മണ്ഡലത്തിലെ കുളവൻമുക്ക് മുതൽ എരിമയൂർ തോട്ടുപാലം വരേയും, ആലത്തൂർ സ്വാതി ജംഗ്ഷൻ മുതൽ എരട്ടക്കുളം വരേയും സർവ്വീസ് റോഡ് നിർമ്മിക്കാത്തതിൻെറ ഫലമായി ജനങ്ങൾ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച പ്രദേശങ്ങളിലെ ജനങ്ങളുടെ പ്രയാസം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## സുരക്ഷിത നടപ്പാതകളും, മേൽപ്പാലങ്ങളും

733. ശ്രീ.എൻ. ഷംസുദ്ദീൻ
,, എൻ .എ.നെല്ലിക്കുന്ന്
,, പി.കെ.അബ്ദു റബ്ബ്
,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗത്തിൽപ്പെടുന്ന റോഡുകളിലും വാഹന ഗതാഗതം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുമൂലം റോഡപകടങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമോ;

(സി) അധികരിച്ച വാഹനഗതാഗതം മൂലം റോഡ് ക്രോസ് ചെയ്യുന്നതിനും ഓരങ്ങളിലൂടെ നടന്നുപോകുന്നതിനും കാൽനടക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സുരക്ഷിത നടപ്പാതകളും, മേൽപ്പാലങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

734. ശ്രീ.ബി.ഡി. ദേവസ്സി
,, എം. മുകേഷ്
,, വി. കെ. സി. മമ്മത് കോയ
,, എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ദേശീയപാത വികസനത്തിനായി എത്ര ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും അതിൽ എത്ര സ്ഥലം ഇതുവരെയായി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ദേശീയ പാത വികസനം ബി.ഒ.ടി വ്യവസ്ഥയിൽ നടപ്പാക്കാനാണോ ദേശീയ പാത അതോറിറ്റി തീരുമാനിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സെസ്സിൽ സംസ്ഥാനത്തെ

ദേശീയപാത വികസനത്തിനും നികുതി പരിപാലനത്തിനുമായി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഈ ഫണ്ടിൽ നിന്ന് അന്തർ സംസ്ഥാന പാതകളുടേയും, സാമ്പത്തിക പ്രാധാന്യമുള്ള പാതകളുടേയും വികസനത്തിനായി എത്ര തുക ലഭിച്ചെന്നും അവ ഏതാവശ്യത്തിനായി വിനിയോഗിച്ചെന്നും അറിയിക്കാമോ ?

## നഗരറോഡ് വികസനപദ്ധതികൾ

735. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.റ്റി.ബൽറാം
,, ഷാഫി പറമ്പിൽ
,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരറോഡ് വികസനപദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗവൺമെന്റ് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിന്റെ നിർവ്വഹണത്തിൽ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

## റോഡുകൾ സുരക്ഷിതമാക്കാൻ കർമ്മ പദ്ധതികൾ

736. ശ്രീ.ഷാഫി പറമ്പിൽ
,, ഐ.സി.ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, കെ.എസ്.ശബരീനാഥൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ സുരക്ഷിതമാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദവിവരം വ്യക്തമാക്കുമോ;

(സി) ഇതിന്റെ നിർവ്വഹണത്തിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ?

## വാമനപുരം-ചിറ്റാർ (വി.സി) റോഡ്

737. ശ്രീ.ഡി.കെ. മുരളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം-ചിറ്റാർ (വി.സി) റോഡ് പുനർനിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടിട്ടുണ്ടോ; എത്ര രൂപയാണ് അനുവദിച്ചതെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുത്;വിശദമാക്കുമോ;

(സി) ഇപ്പോൾ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് ഈ തുക പര്യാപ്തമാണോ; ബാക്കി തുക എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) വാമപുരം-ചിറ്റാർ റോഡിന്റെ നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത റോഡിന്റെ പണികൾ ഇതുവരെയും ആരംഭിക്കാത്തതെന്ന് വിശദമാക്കുമോ?

<u>പേരാമ്പ്ര - പയ്യോളി റോഡ് നവീകരണം</u>

738. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര - പയ്യോളി റോഡ് നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഈ റോഡിന്റെ നവീകരണ പ്രവൃത്തി ഉടനടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പേരാമ്പ്ര - താന്നികണ്ടി - ചക്കിട്ടപ്പാറ റോഡ്</u>

739. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര - താന്നികണ്ടി - ചക്കിട്ടപ്പാറ റോഡ് പലയിടത്തും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാത്ത നിലയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;വിശദമാക്കുമോ;

(ഡി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് താല്ക്കാലിക നടപടികൾ സ്വീകരിക്കുമോ?

<u>പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം</u>

740. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മാണത്തിനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഇതിന് ഏതെങ്കിലും മുൻ ബജറ്റുകളിൽ തുക വകയിരുത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര; ഏത് കാലത്ത്;

(സി) ഈ ബൈപ്പാസിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പേരാമ്പ്ര ബൈപ്പാസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>പുതിയകാവ് ജംഗ്ഷനിലെ അപകടങ്ങൾ</u>

T 741. ശ്രീ.ആർ. രാമചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ കരുനാഗപ്പള്ളിക്ക് വടക്ക് പുതിയകാവ് ജംഗ്ഷനിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നടന്ന അപകടങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; ഗുരുതരമായി പരിക്കേറ്റവർ എത്രയെന്നും മരണമടഞ്ഞവർ എത്രയെന്നും വിശദമാക്കാമോ;

(ബി) മൂന്ന് റോഡുകൾ ചേരുന്ന ഈ ജംഗ്ഷനിൽ ട്രാഫിക് ലൈറ്റുകളില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ച് അപകടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കണ്ണോത്ത്-പുല്ല ലിങ്ക് റോഡ് നിർമ്മാണം

742. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിനേയും തൃശ്ശൂർ മണ്ഡലത്തിനേയും ബന്ധിപ്പിക്കുന്ന കണ്ണോത്ത്-പുല്ല ലിങ്ക് റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ?

പേരാമ്പ്ര-ചാനിയം കടവ്-വടകര റോഡ് നവീകരണം

743. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര-ചാനിയം കടവ്-വടകര റോഡ് നവീകരിയ്ക്കുവാനുള്ള പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ-കുന്നംകുളം ദേശീയപാതയിലെ ഗതാഗതക്കുരുക്ക്

744. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുന്നംകുളം ദേശീയപാതയിൽ ഗതാഗതക്കുരുക്ക് സ്ഥിരമായുണ്ടാകുന്നത് കേച്ചേരി സെന്ററിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേച്ചേരി സെന്റർ വീതി കൂട്ടിയും ബൈപ്പാസ്സ് വികസിപ്പിച്ചും പ്രസ്തുത ഗതാഗത കുരുക്ക് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ?

കുറ്റ്യാടി നിയോജക മണ്ഡലത്തിലെ റോഡുകൾ

745. ശ്രീ.പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ റോഡുകളും പാലങ്ങളും (റോഡ്സ് ആൻറ് ബ്രിഡ്ജസ്) വിഭാഗത്തിനു കീഴിൽ നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവിന്റെ നമ്പർ എന്നിവയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) ഈ വിഭാഗത്തിൽ ഭരണാനുമതി ലഭിച്ചതും എന്നാൽ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുതി, ഉത്തരവിന്റെ നമ്പർ എന്നീ വിശദാംശങ്ങൾ നൽകുമോ?

കുറ്റ്യാടി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

746. ശ്രീ.പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന് (ബിൽഡിംഗ് സെക്ഷൻ) കീഴിൽ ഇപ്പോൾ നടന്നു വരുന്ന നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവിന്റെ നമ്പർ എന്നിവയും പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) ഈ വിഭാഗത്തിൽ ഭരണാനുമതി ഇതിനകം ലഭിച്ചതും എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെ;

(ഡി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവിന്റെ നമ്പർ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

## കണ്ടിയൂർ ബൈപ്പാസ്

747. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കണ്ടിയൂർ ബൈപ്പാസ് റോഡിന് ഭരണാനുമതി ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലനിൽക്കുന്ന തടസ്സം വ്യക്തമാക്കുമോ;

(ഡി) ഈ തടസ്സം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## കാസർകോട് ഓടങ്കൽ പാലം നിർമ്മാണം

748. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിലെ ഓടങ്കൽ പാലം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാകാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഈ പാലത്തിന്റെ ഡിസൈൻ തയ്യാറായിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ; ഇല്ലെങ്കിൽ കാലവിളംബത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

## കാസർഗോഡ് ജില്ലയിലെ റോഡുനിർമ്മാണം

749. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിൻെറ അവസാന കാലത്ത് ഗ്രാമീണ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് പി.ഡബ്ല്യൂ.ഡി. മുഖേന തുക അനുവദിച്ചിരുന്നുവോയെന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച തുക എത്രയാണെന്ന് പ്രത്യേകം വിശദമാക്കാമോ;

(സി) 5 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിട്ടും ചില മണ്ഡലങ്ങളിൽ നാമമാത്രമായ തുക മാത്രമേ അനുവദിച്ചുള്ളൂ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എങ്കിൽ ഈ നടപടി പരിശോധിച്ച് തുക കുറവുള്ള മണ്ഡലങ്ങളിൽ ആനുപാതികമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>നിലമ്പൂർ ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി</u>

750. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ബൈപ്പാസിന് സ്ഥലമേറ്റെടുക്കാൻ അനുവദിച്ച 14 കോടി രൂപ 1തീരെ പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>മാവേലിക്കര മണ്ഡലത്തിലെ റോഡുകൾ</u>

751. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏറ്റവും പ്രധാന റോഡുകളായ എരുമക്കുഴി-ഇടപ്പോൺ റോഡ്, ബുദ്ധാ ജംക്ഷൻ-പള്ളിക്കൽ റോഡ്, താമരക്കുളം-കാമ്പിശ്ശേരി റോഡ് എന്നിവ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

<u>കൊണ്ടോട്ടി മണ്ഡലത്തിലെ റോഡുകൾ</u>

752. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിന് വേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ ?

<u>കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

753. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ആരംഭിച്ചത് എന്നാണ്; ആരംഭ സമയത്ത് അടങ്കൽ തുക എത്രയായിരുന്നു;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിട്ട് എത്ര നാളായി;

(സി) നിർമ്മാണം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ എത്ര കേസുകൾ ഉണ്ട്; പ്രസ്തുത കേസുകൾ തീർപ്പാക്കാൻ പൊതുമരാമത്ത് വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കേസുകളുടെ നിലവിലുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ആര്യന്തൊടിക പാലം നിർമ്മാണം</u>

754. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഭരണാനുമതി നൽകിയ ആര്യന്തൊടിക പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം

755. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും 3.20 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ റോഡുകൾ

756. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച മേജർ ജില്ലാ റോഡുകളിൽ ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് പ്രവൃത്തി ആരംഭിക്കാത്ത മേജർ ജില്ലാ റോഡുകളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(സി) റോഡുകൾ നവീകരിക്കുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കാസർകോട് നിയോജക മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

757. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിലെ മുളേളരിയ - അർളപ്പദവ് റോഡ് , ചെർക്കള - കല്ലടക്ക റോഡ്,ബദിയടുക്ക - കിന്നിങ്കാർ - സൂളപ്പദവ് റോഡ്,ചൌക്കി - ഉളിയത്തടുക്ക റോഡ്,ചേരങ്കൈ കടപ്പുറം - ലൈറ്റ് ഹൗസ് റോഡ് എന്നി റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ നിർമ്മിച്ചത് ഏത് വർഷങ്ങളിലാണെന്നും നിർമ്മാണത്തിനു ശേഷം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര പ്രാവശ്യം നടത്തിയെന്നും എത്ര തുക ഓരോ റോഡിനും ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കുന്നതിന് ആലോചനയുണ്ടോ; ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത തുകയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോഴാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ പള്ളത്തൂർ പാലത്തിന്റെ പണി

758. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളത്തൂർ പാലത്തിലൂടെ മഴക്കാലത്ത് വെള്ളം കവിഞ്ഞ് ഒഴുകി ഗതാഗതം തടസ്സപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ മഴക്കാലത്ത് ഈ പാലത്തിലൂടെ യാത്രചെയ്യത ഒരു പോലീസുകാരൻ മോട്ടോർ സൈക്കിൾ അടക്കം ഒഴുകിപ്പോയി മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൈവരിയില്ലാത്ത ഈ പാലം പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത പാലം പുതുക്കിപണിയുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>കൊയിലാണ്ടി മണ്ഡലത്തിലെ പാലം നിർമ്മാണം</u>

759. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം പദ്ധതിയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ കാര്യത്തിൽ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ വിശദാംശം ലഭ്യമാക്കാമോ; സെക്രട്ടേറിയറ്റിൽ ഇതുമായിബന്ധപ്പെട്ട ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) അകലാപ്പുഴ പാലവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പാലത്തിന് ഭരണാനുമതി ലഭ്യമാവുന്നതിന് ഇനി എന്തെല്ലാം നടപടികൾ ഏതെല്ലാം തലത്തിൽ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ?

<u>നെടുമങ്ങാട് മണ്ഡലത്തിലെ മരാമത്ത് പണികൾ</u>

760. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിൽ 500 കോടി രൂപയുടെ മരാമത്ത് പണികൾ നടന്നതായി പറയപ്പെടുന്നതിന്റെ നിജസ്ഥിതിയെക്കുറിച്ചുള്ള അന്വേഷണം ആവശ്യപ്പെടുന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയ പാതയുടെ വീതി കൂട്ടുന്ന പദ്ധതി</u>

761. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയ പാതയുടെ വീതി കൂട്ടുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയ്ക്കായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഏറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ആറ്റിങ്ങൽ പട്ടണത്തിൽ ഈ പദ്ധതി എത്രയും വേഗം

നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എറക്കോട്ടിരി പാലം നിർമ്മാണം

762. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയെയും തൃശ്ശൂർ ജില്ലയെയും ബന്ധപ്പെടുത്തി, ഭാരതപ്പുഴയിൽ എറക്കോട്ടിരി പാലം നിർമ്മാണത്തിന്റെ സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) എറക്കോട്ടിരി പാലം നിർമ്മാണത്തിന് എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ അഴിമതി

763. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു ഡി ഫ് സർക്കാരിന്റെ കാലത്ത്, അന്നത്തെ വിജിലൻസ് മേധാവിയായിരുന്ന ശ്രീ. വിൻസെന്റ് എം. പോൾ, പൊതുമരാമത്ത് വകുപ്പമായി ബന്ധപ്പെട്ട് സർക്കാരിന് നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിൻമേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തു വകുപ്പിലെ അഴിമതി ആക്ഷേപങ്ങൾ

764. ശ്രീ.മുല്ലക്കര രത്നാകരൻ
,, ജി.എസ്.ജയലാൽ
ശ്രീമതി ഗീതാ ഗോപി
ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിൽ നടക്കുന്ന അഴിമതി ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടന്നിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം എന്താണെന്ന് വെളിപ്പെടുത്തുമോ?

പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച തുകയുടെ വിനിയോഗം

765. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് ഓരോ സാമ്പത്തിക വർഷവും എത്രകോടി രൂപ വീതം പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ ടെണ്ടർ ഇല്ലാതെ ഓരോ വർഷവും എത്ര കോടി രൂപയുടെ വീതം ജോലികൾ പൊതുമരാമത്ത്

വകുപ്പ് നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് ജോലിയുടെ പേരും, തുകയും, കരാറുകാരന്റെ പേരും വെളിപ്പെടുത്തുമോ;

(സി) ടെണ്ടർ ഇല്ലാതെ വർക്കുകൾ കൊടുക്കുവാനുള്ള അധികാരം ഏത് തലത്തിലുള്ള ഉദ്യോഗസ്ഥർക്കാണുള്ളത്; ഇതിന്റെ മാനദണ്ഡം എന്താണ്; വിശദമാക്കുമോ;

(ഡി) ടെണ്ടർ ഇല്ലാതെ എത്രകോടി രൂപയുടെ ജോലികൾ വരെ ഒരു വ്യക്തിയ്ക്കോ, സ്ഥാപനത്തിനോ ചെയ്യാനുള്ള അനുമതി നൽകാൻ സാധിയ്ക്കും; വിശദമാക്കാമോ;

(ഇ) ഈ മാനദണ്ഡം തെറ്റിച്ച് ഏതെങ്കിലും സ്ഥാപനത്തിനോ വ്യക്തിക്കോ പൊതുമരാമത്ത് വകുപ്പ് വർക്ക് കൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വിശദമാക്കാമോ?

ചെങ്ങന്നൂർ താലൂക്കിലെ പാലങ്ങളുടെ നിർമ്മാണം

766. ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിൽ കഴിഞ്ഞ 10 വർഷത്തിനു മുൻപ് ആരംഭിച്ച മിത്രമഠം പാലത്തിന്റെ പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത താലൂക്കിലെ കയ്യാലക്കടവ്, വഴപാടിക്കടവ്, വദനശ്ശേരിക്കടവ് പാലങ്ങളുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ?

കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡിൻെറ വികസനം

767. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡിൻെറ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ബന്ധപ്പെട്ട ഫയൽ നമ്പരുകൾ സഹിതം വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനം ഏത് വർഷമാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്കമണ്ണടിപ്പാലം നിർമ്മാണം

768. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിക്കമണ്ണടിപ്പാലം നിർമ്മിക്കുന്നതിലേയ്ക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും, ഈ ആവശ്യത്തിലേയ്ക്കായി എത്ര രൂപാ വിനിയോഗിച്ചുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പാലം നിർമ്മാണം ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും എത്ര രൂപാ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ എത്ര രൂപയെന്ന് അറിയിക്കുമോ ?

<u>ദേശീയപാതയുടെ വീതികൂട്ടൽ</u>

T 769. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ദേശീയപാതയുടെ വീതികൂട്ടൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ആറ്റിങ്ങലിൽ അടിയന്തരമായി ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും, എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് തീരുമാനമെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ചെങ്ങന്നൂർ-ഏറ്റുമാനൂർ പാതയുടെ നിർമ്മാണ പ്രവർത്തനം</u>

770. **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ-ഏറ്റുമാനൂർ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏത് ഏജൻസിയെയാണ് ചുമതല ഏൽപ്പിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) റോഡിന്റെ വശങ്ങളിലുള്ള ഓട നിർമ്മാണം അശാസ്ത്രീയമായാണ് നടപ്പാക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.റ്റി.പി പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി ജംഗ്ഷനിൽ നിർമ്മിച്ച ഓട മഴപെയ്യുന്ന സമയത്ത് ഉപയോഗശൂന്യമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി ജംഗ്ഷനിൽ മഴയുള്ള സമയത്ത് വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ;

(ഇ) ചെങ്ങന്നൂർ എൻജിനീയറിംഗ് കോളേജ് ജംഗ്ഷനിൽ റോഡ് ഡിവൈഡറിൽ സൈൻബോർഡ് സ്ഥാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ചെങ്ങന്നൂർ- മുളക്കുഴ എം.സി റോഡിൽ -ആഞ്ഞിലിച്ചുവട് ഭാഗത്ത് ഗതാഗത നിയന്ത്രണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദീകരിക്കുമോ;പ്രസ്തുത സ്ഥലത്ത് മാവേലിക്കര , മുളക്കുഴ, ചെങ്ങന്നൂർ ടൗൺ എന്നീ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾക്ക്നിയന്ത്രണം ഏർപ്പെടുത്തി അപകടങ്ങൾ ഒഴിവാക്കാൻ യുക്തമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിയ്ക്കുമോ?

<u>പെരുവണ്ണാമൂഴി - മുതുകാട് - പ്ലാന്റേഷൻ റോഡ്</u>

771. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി - മുതുകാട് - പ്ലാന്റേഷൻ റോഡ് പൊതു മരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി)

(ഡി)

<u>കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ അറ്റകുറ്റപ്പണി</u>

772. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടവും പരിസരവും വൃത്തിഹീനമായി കിടക്കുന്നതുമൂലം ജീവനക്കാർക്കും ജനങ്ങൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി അടിയന്തര ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ തറ ടൈൽസ് പാകിയും കെട്ടിടങ്ങളുടെയും ബാത്ത്റൂമുകളുടെയും അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിനും ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുടപ്പല്ലൂർ മംഗലംഡാം റോഡ്

773. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടപ്പല്ലൂർ മംഗലംഡാം റോഡിന്റെ നിർമ്മാണ പ്രവർത്തനം സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 14.7.2009 ന് 525 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ സ്തംഭനാവസ്ഥ തീർക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ബോയ്സ് ഹോസ്റ്റൽ നിർമ്മാണം

774. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ബോയ്സ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ എത്ര കോടി രൂപയുടെ ഭരണാനുമതി നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അതിനായുള്ള എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകരിച്ചുവോ; എത്ര രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺ ടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തി

775. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺ ടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ആകെ രണ്ട് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 16 ഗ്രാമീണ റോഡുകളിൽ പ്രവൃത്തി പൂർത്തിയായ റോഡുകൾ ഏതൊക്കെയെന്നും മറ്റുള്ള റോഡുകളുടെ പ്രവർത്തന പുരോഗതി എവിടെ വരെയായിയെന്നും അറിയിക്കുമോ ; റോഡ് പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

കച്ചേരിക്കടവ്, ചുങ്കക്കുന്ന് പാലങ്ങളുടെ നിർമ്മാണം

776. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ കച്ചേരിക്കടവ്, ചുങ്കക്കുന്ന് പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിനെ തുടർന്ന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഈ പാലങ്ങൾ സമയബന്ധിതമായി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കരാറുകാർക്ക് കുടിശ്ശിക</u>

777. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ പൊതുമരാമത്ത് കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഇത്തരം കുടിശ്ശികയുടെ ആധികാരികത പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിയ്ക്കുമോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>കുഴിനക്കിപ്പാറ പാലം നിർമ്മാണം</u>

778. ശ്രീ.ജോർജ് എം. തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി - ഏറനാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തോട്ടുമുക്കത്തുള്ള കുഴിനക്കിപ്പാറ പാലം അത്യന്തം അപകടാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ പാലം നിർമ്മാണത്തിനായി ഭരണാനുമതി നേരത്തേ ലഭിച്ചെങ്കിലും ടി പ്രവൃത്തിയിൻമേൽ മറ്റു നടപടികളെടുക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) കുഴിനക്കിപ്പാറ പാലത്തിൻെറ പ്രവൃത്തികൾ അടിയന്തിര പ്രാധാന്യത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>തന്ത്രപ്രധാനമായ റോഡുശൃംഖല വികസിപ്പിക്കുന്നതിന് കർമ്മ പദ്ധതി</u>

779. ശ്രീ.ഹൈബി ഈഡൻ
,, അനിൽ അക്കര
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തന്ത്രപ്രധാനമായ റോഡുശൃംഖല വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) ഇതിന്റെ നിർവ്വഹണത്തിൽ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;വെളിപ്പെടുത്താമോ?

<u>പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണം</u>

T 780. ശ്രീ.സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണം ഏതു ഘട്ടത്തിലൊണന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>വിശ്രമമന്ദിരങ്ങളുടെ ആധുനികവൽക്കരണം</u>

781. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, ബി.ഡി. ദേവസ്സി

,, പി.കെ. ശശി

,, എം. സ്വരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിശ്രമമന്ദിരങ്ങളിൽ കാലാകാലങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ മുഴുവൻ സൗകര്യങ്ങളും ഉപയോഗപ്പെടുത്താൻ കഴിയാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) വിശ്രമമന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾ സമയ ബന്ധിതമായി നടത്തുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പ്രധാന കേന്ദ്രങ്ങളിലെ വിശ്രമമന്ദിരങ്ങൾ ഭരണപരമായ കാര്യങ്ങൾക്ക് കൂടുതൽ സൗകര്യങ്ങളോടെ ഇന്റർനെറ്റും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ</u>

782. ശ്രീ.റോജി എം. ജോൺ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>കെ.എസ്.ടി.പി. **2**-ാം ഘട്ട പദ്ധതി</u>

783. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, എ.പി. അനിൽ കുമാർ

,, വി.പി.സജീന്ദ്രൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ടി.പി. 2ാം ഘട്ട പദ്ധതിക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ സർക്കാർ കൈക്കൊണ്ടതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആരുടെയെല്ലാം ധനസഹായമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയത്;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

<u>വസ്തു കൈമാറ്റ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്യാമെന്ന നിയമം</u>

784. **ശ്രീ.പാറക്കൽ അബ്ദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തു കൈമാറ്റ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച നിയമം സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടോ ; എങ്കിൽ എന്നുമുതലാണ് പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമം വഴി ആധാരമെഴുത്ത് രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പുതിയ നിയമം റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് ഗുണകരമാവുമെന്നും അതുവഴി വസ്തു കൈമാറ്റ രജിസ്ട്രേഷന്റെ സുതാര്യത നഷ്ടമാവുമെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പുതിയ നിയമത്തെ തുടർന്ന് രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് വിരമിച്ചവർക്ക് ആധാരം തയ്യാറാക്കാൻ നൽകിയിരുന്ന ലൈസൻസ് റദ്ദാക്കപ്പെടുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരീക്ഷകളിൽ വിജയിച്ചവരുടെ ലൈസൻസ് നിലനിൽക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ആധാരം രജിസ്റ്റർ ചെയ്യൽ</u>

785. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം എഴുത്തുകാരെ ഒഴിവാക്കി, ഭൂമി കൈമാറ്റം ചെയ്യുന്നവർക്ക് സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യം ഉണ്ടായതുമൂലം നിലവിൽ കേരളത്തിൽ എന്തെങ്കിലും പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിവരിയ്ക്കുമോ ;

(സി) കേരളത്തിലെ എത്ര ആധാരമെഴുത്തുകാരെ ഇത് ബാധിയ്ക്കുമെന്ന് വിശദമാക്കുമോ ?

<u>ഭൂമിയുടെ ന്യായവില</u>

786. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ നിലവിലുള്ള ന്യായവില കൂട്ടുവാൻ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പിയും ഇതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ബി) ഭൂമിയുടെ ന്യായവില കൂട്ടുന്നത് മൂലം എത്ര കോടി രൂപ അധിക വരുമാനം കിട്ടുമെന്ന് വിശദമാക്കുമോ?

<u>കമ്പ്യൂട്ടർ അനുവദിക്കാൻ നടപടി</u>

787. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസിൽ ഓൺലൈൻ പ്രവൃത്തികൾക്കായി രണ്ട് കമ്പ്യൂട്ടറുകൾ മാത്രമേയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൂടുതൽ കമ്പ്യൂട്ടറുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം

788. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ലൈൻ കടന്നു പോകുന്ന സംസ്ഥാനത്തെ പ്രധാന റോഡുകളിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണച്ചുമതല ആർക്കാണെന്നും, ഇതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതാരാണെന്നും വിശദമാക്കാമോ;

(സി) നെന്മാറ നിയോജക മണ്ഡലത്തിലെ പാലക്കാട്-കൊല്ലങ്കോട് റോഡിലെ ഊട്ടറയിൽ അടിയന്തരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കെ.പി.എൻ.എം. യു.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കാൻ നടപടി

789. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനേജ്മെന്റ് തർക്കത്തെത്തുടർന്ന് സർക്കാർ താത്ക്കാലികമായി ഏറ്റെടുത്ത താനൂർ ഉപജില്ലയിൽപ്പെട്ട കെ.പി.എൻ.എം. യു.പി. സ്കൂൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ?

എൽ പി എസ് എ തസ്തികയിലെ ഒഴിവുകൾ

790. ശ്രീ.എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എൽ പി എസ് എ തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ?

ഭൂമി വിൽക്കുന്നതിനുവേണ്ടി മാനേജർമാർ സകൂൾ പൂട്ടുന്ന പ്രവണത

791. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾ കുറഞ്ഞ സ്കൂളുകളിൽ, ഭൂമി വിൽക്കുന്നതിനുവേണ്ടി , മാനേജർമാർ സ്കൂൾ പൂട്ടുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിന് മാനേജർമാർക്ക് അധികാരം നൽകുന്ന വകുപ്പുകൾ കേരള വിദ്യാഭ്യാസ ചട്ടത്തിൽ (കെ.ഇ.ആർ) ഉള്ളത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശനിയമത്തിൽ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ അധികൃതരുടെയും അനുമതിയും ഒരു കിലോമീറ്റർ ചുറ്റളവിൽ മറ്റ് സ്കൂളുകൾ വേണം എന്നിരിക്കെ കെ.ഇ.ആർ ചട്ടം മറയാക്കി കോടതിയിൽ നിന്ന് അനുകൂല വിധി നേടിയെടുക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഡി) സ്കൂൾ അടച്ചുപൂട്ടിയാലും തലമുറകളായി കൈമാറുന്ന ഇത്തരം സ്ഥാപനങ്ങളുടെ ഭൂമി വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ?

## ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകൾ

792. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി. അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; സീനിയർ/ജൂനിയർ എന്നിവ പ്രത്യേകം അറിയിക്കാമോ;

(ബി) ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വിഷയത്തിലുമുള്ള ഒഴിവുകൾ പ്രത്യേകം ജില്ല തിരിച്ച് അറിയിക്കാമോ;

(ഡി) നിലവിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ഇ) എൽ.പി.എസ്.എ./യു.പി.എസ്.എ./എച്ച്.എസ്.എ. എന്നിവർക്ക് പ്രമോഷൻ നൽകുന്നതിനായി എച്ച്.എസ്.എസ്.റ്റി (കോമേഴ്സിന്റെ) എത്ര ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) എച്ച്.എസ്.എസ്.റ്റി (കോമേഴ്സ്) ആയി ജോലിയിൽ ചേർന്ന ശേഷം ആരെങ്കിലും വിടുതൽ ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## പെരുമണ്ണ ഇ.എം.എസ്. ഗവൺമെന്റ് ഹൈസ്കൂളിലെ തസ്തികകൾ

793. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഇ.എം.എസ്. ഗവൺമെന്റ് ഹൈസ്കൂൾ ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ നിലവിൽ എത്ര തസ്തികകളാണ് ഉള്ളത്;

(സി) ഇവിടെ ആവശ്യമായ അധ്യാപക തസ്തികകൾ ഇതുവരെയും അനുവദിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനോടൊപ്പവും ഇതിനുശേഷവും ആരംഭിച്ച സ്കൂളുകളിൽ തസ്തികകൾ അനുവദിച്ചുവെങ്കിലും ഇ.എം.എസ്. ഗവൺമെന്റ് ഹൈസ്കൂളിനെ മാത്രം അവഗണിച്ചതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഇ) 34933/R3/2011/GE നമ്പർ ഫയലിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

## മാമലക്കണ്ടം സ്കൂളിലെ അധ്യാപകരുടെ കുറവ്

794. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ മലയോരപ്രദേശമായ മാമലക്കണ്ടം സ്കൂളിൽ ആവശ്യത്തിന് അധ്യാപകരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ 100 ശതമാനം വിജയം നേടിയ ടി സ്കൂളിൽ മുഴുവൻ അധ്യാപകരേയും നിയമിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

## ശാന്തിഗ്രാം ഗവൺമെന്റ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഇടുക്കി

795. **ശ്രീ.എം.എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗവൺമെന്റ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയെന്നും ഒഴിവുകളെത്രയെന്നും സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളിൽ അധ്യാപക - അനധ്യാപക തസ്തികകൾ സൃഷ്ടിച്ചതുമായി ബന്ധപ്പെട്ടിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ നിയമനം നടത്താത്തതിന്റെ സാഹചര്യം വിശദീകരിക്കുമോ;

(ഡി) നിലവിൽ സർക്കാർ സൃഷ്ടിച്ച എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്നും, അനുവദിച്ച തസ്തികകളിൽ നിയമനം നടത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും വിശദീകരിക്കുമോ;

(ഇ) ഈ സ്കൂളിൽ അനുവദിച്ചിട്ടുള്ള അധ്യാപക - അനധ്യാപക തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പത്തനംതിട്ട ജില്ലയിലെ സർക്കാർ സ്കൂളുകൾ

796. ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന എത്ര സർക്കാർ സ്കൂളുകളുണ്ട്; ഇതിൽ ആറന്മുള മണ്ഡലത്തിലെ സ്കൂളുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## . സ്കൂൾ വിദ്യാർത്ഥി കൾക്ക് തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി

797. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ഒൻപത് മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) തൊഴിൽ നൈപുണ്യം നേടാത്തവർക്ക് ,കേന്ദ്ര സർക്കാരിന്റെ വിദഗ്ധ ജോലികളിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം ജോലി ലഭിക്കാനിടയില്ലെന്ന നിബന്ധന നിലവി ലുള്ളതായി അറിവുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഭാവിയെ ഇത് ദോഷകരമായി ബാധിക്കാനിടയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തിരമായി ആരംഭിക്കുന്നതിനും ഈ ഇനത്തിൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

## ഡി.എഡ് പരീക്ഷാഫലം

798. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ ഡി.എഡ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫലം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഫലം എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ബധിര മൂക വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ

T 799. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജന്മനാ കേൾവിയും സംസാരശേഷിയും നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെ കായികമേളയിലെ വിജയികൾക്ക് ഗ്രേസ് മാർക്കോ ; സാമ്പത്തിക ആനുകൂല്യങ്ങളോ നൽകി വരുന്നുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കലോത്സവങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ;

(സി) എങ്കിൽ മറ്റു വിദ്യാർത്ഥികളെപ്പോലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് കൂടി ടി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഹരിത സംരക്ഷണ സേന

800. ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ഹരിത സംരക്ഷണ സേന ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹരിത സംരക്ഷണസേന ആരംഭിക്കുമ്പോൾ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഹരിത സംരക്ഷണസേന കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി

801. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ;

(ബി) ഡി. പി. ഐ. ആസ്ഥാനത്ത് പുതിയതായി നിർമ്മിക്കുന്ന കെട്ടിടം ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത് ; ഇതിന്റെ പണികൾ നിന്നു പോകുന്നതിന് കാരണമെന്താണ്;

(സി) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കെട്ടിടത്തിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ അനുവദിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ആയതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

(ഇ) ഈ കെട്ടിടം പൂർത്തീകരിക്കുമ്പോൾ ഡി. പി. ഐ. യിലെ ഓഫീസുകൾ അവിടേക്ക് മാറ്റാൻ കഴിയുമോ?

പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം

802. ശ്രീമതി യു. പ്രതിഭാ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ച് പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ?

എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷ

803. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ് തുക ഇപ്പോൾ എത്രയാണ്;

(ബി) സ്കോളർഷിപ്പുകൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് പരീക്ഷയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

## എച്ച് എസ്.എസ്.റ്റി. കൊമേഴ്സ് ഒഴിവുകൾ

804. ശ്രീ.എം. വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച് എസ്.എസ്.റ്റി. കൊമേഴ്സ് (സീനിയർ)ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഇതിൽ എസ് സി /എസ് റ്റി സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി മാറ്റിവച്ച ഒഴിവുകൾ ഒഴികെ പി എസ് സി -യിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) എച്ച് എസ്.എസ്.റ്റി. കൊമേഴ്സ് (ജൂനിയർ) ന്റെ എത്ര ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട് ;

(സി) എച്ച് എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയറായി പ്രമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിൽ ഉണ്ടോ ; ഉണ്ടെങ്കിൽ ആ ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ ഒഴിവുകൾ പ്രമോഷനു വേണ്ടി മാറ്റിവച്ചിട്ടുണ്ടെങ്കിൽ ആ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ ; ലിസ്റ്റ് നിലവിലില്ലെങ്കിൽ ഇതിനുവേണ്ടി മാറ്റിവച്ച ഒഴിവുകൾ പി.എസ്.സി.-ക്ക് നൽകുമോ;

(ഇ) എച്ച് എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയറിന്റെ എത്ര എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബാക്കിയുണ്ട്;

(എഫ്) 01-03-2015-നുശേഷം എച്ച് എസ്.എസ്.റ്റി. കൊമേഴ്സ് (ജൂനിയർ) ആയി പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിച്ചവരിൽ എത്രപേർ റിലീവ് ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ ; ഇതുവഴി ഉണ്ടായ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ജി) എച്ച് എസ്.എസ്.റ്റി. കൊമേഴ്സ് (ജൂനിയർ) ആയി പി.എസ്.സി. വഴി നിയമനം ലഭിച്ചവർ ജോലിയിൽ നിന്നും റിലീവ് ചെയ്യുകയോ, രാജിവയ്ക്കുകയോ ചെയ്യുന്നതുവഴി ഉണ്ടാകുന്ന ഒഴിവുകളുടെ 25% പ്രമോഷനുവേണ്ടി മാറ്റിവയ്ക്കുമോ ; ഒരിക്കൽ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഇത്തരത്തിൽ പ്രമോഷനുവേണ്ടി മാറ്റിവയ്ക്കാൻ സാദ്ധ്യമാണോ ; ആണെങ്കിൽ ഏത് റൂൾ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ ?

## വാളകം ആർ.വി.വി.എച്ച്. എസ്. എസ്സിലെ അദ്ധ്യാപകരുടെ സസ്പെൻഷൻ

805. ശ്രീ.വി.എസ്.അച്ചുതാനന്ദൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളകം ആർ.വി.വി.എച്ച്. എസ്. എസ്സിലെ അദ്ധ്യാപകരായ ശ്രീ. കൃഷ്ണകുമാറിനെയും ശ്രീമതി ഗീതയെയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളിന്റെ മാനേജർ ശ്രീ. ആർ ബാലകൃഷ്ണപിള്ള അഴിമതി നിരോധന നിയമപ്രകാരം ഒരു വർഷം കഠിന തടവ് അനുഭവിച്ച വ്യക്തിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇദ്ദേഹത്തിന് നിലവിലുള്ള നിയമപ്രകാരം മാനേജരായിരിക്കാൻ യോഗ്യതയുണ്ടോ;അങ്ങനെയെങ്കിൽ ഈ സസ്പെൻഷൻ നിയമപരമാണോ;

(ഡി) പ്രസ്തുത അദ്ധ്യാപകരെ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ ?

## പുതിയ ഹയർ സെക്കൻഡറി അദ്ധ്യാപക തസ്തികകൾ

806. ശ്രീ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലെയും ബാച്ചുകളിലെയും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ വർഷാരംഭത്തിൽത്തന്നെ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഹയർ സെക്കണ്ടറി അധ്യാപക ഒഴിവുകൾ</u>

807. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ പല വിഷയങ്ങളിലും അധ്യാപക ഒഴിവുകൾ ഉണ്ടായിട്ടും ആയത് പി.എസ്.സി.യെ അറിയിക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആനുപാതികമായി നികത്തേണ്ട അധ്യാപക ഒഴിവുകളിൽ പ്രൊമോഷൻ വഴി നിയമനം നടത്തിയതു മൂലമുണ്ടായ അനിശ്ചിതത്വം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുള്ള വിഷയങ്ങളിലെ എൻ.ജെ.ഡി. ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധ്യാപക-അനധ്യാപക തസ്തികകൾ</u>

808. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ, ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്തതും കുറവുമായ പ്രദേശങ്ങളിൽ പുതുതായി അനുവദിച്ച സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ (അപ്ഗ്രേഡ് ചെയ്തവ) ആവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് നൽകുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ രണ്ട് വർഷത്തിലധികമായി ജോലി ചെയ്ത് വരുന്ന അധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പിന്റെ ശുപാർശ എന്തായിരുന്നു ; വ്യക്തമാക്കുമോ ;

(സി) ധനകാര്യ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിച്ച് വിശദമായ ഉത്തരവ് ഇറക്കി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഹയർ സെക്കണ്ടറി സ്കൂളുകളിലെ കോമേഴ്സ് അദ്ധ്യാപക ഒഴിവുകൾ</u>

809. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 വരെ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര കോമേഴ്സ് ഗസ്റ്റ് അദ്ധ്യാപകർ ജോലിചെയ്യുന്നുണ്ടെന്നും ഇവരുടെ ജില്ലതിരിച്ചുള്ള ഒഴിവുകളുടെ എണ്ണം, സ്കൂളുകളുടെ പേര്, മേൽവിലാസം എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) 2014-15, 2015-16 അദ്ധ്യായന വർഷങ്ങളിലായി കേരളത്തിൽ അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിൽ സർക്കാർ ഉത്തരവ് നം. 76/2016/G.Edn പ്രകാരം തസ്തിക സൃഷ്ടിക്കാൻ നടപടി പൂർത്തിയായിട്ടുണ്ടോ; പൂർത്തിയായില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഹയർസെക്കണ്ടറി വകുപ്പിൽ എത്ര കോമേഴ്സ് (സീനിയർ/ജൂനിയർ)അദ്ധ്യാപക ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ഡി) 24-3-2015, 31-12-2015, 5-2-2016 എന്നീ തീയതികളിലായി പി.എസ്.സി അഡ്വൈസ് ചെയ്ത കോമേഴ്സ് സീനിയർ/ജൂനിയർ അദ്ധ്യാപകരിൽ എത്ര പേർ ജോലിയിൽ പ്രവേശിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിക്കാത്ത എത്ര പേർ ഉണ്ടെന്നും ഈ ഒഴിവുകൾ എല്ലാം പി.എസ്.സിക്ക് വീണ്ടും റിപ്പോർട്ട് ചെയ്തോയെന്നും വെളിപ്പെടുത്താമോ;റിപ്പോർട്ട് ചെയ്തെങ്കിൽ തീയതിയും ഫയൽ നമ്പരും വ്യക്തമാക്കുമോ; അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിച്ചതിന് ശേഷം റിലീവ്/റിസൈൻ ചെയ്ത എത്രപേർ ഉണ്ടെന്ന് വിശദമാക്കാമോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തോ; തീയതിയും ഫയൽ നമ്പരും വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്തില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; 28.9.2015 ൽ പി.എസ്.സി അഡ്വൈസ് ചെയ്ത കോമേഴ്സ് സീനിയർ 4എൻ.ജെ.ഡി. ഒഴിവുകൾ പ്രകാരം എത്ര അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ചുവെന്നും പ്രസ്തുത അഡ്വൈസ് പ്രകാരം ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർ നിലവിൽ ജൂനിയർ കോമേഴ്സ് അദ്ധ്യാപകരായിരുന്നോയെന്നും വിശദമാക്കാമോ; ഇവർ ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും റിലീവ് ചെയ്തതുവഴി ഉണ്ടായ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തോ; എങ്കിൽ തീയതി/ഫയൽ നമ്പർ എന്നിവ വ്യക്തമാക്കുമോ ?

## ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് തുല്യ പരിഗണന

810. ശ്രീ.മുരളി പെരുനെല്ലി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി., ടി. എച്ച്. എസ്.എൽ. സി.. വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് അപേക്ഷിക്കുമ്പോൾ തുല്യ പരിഗണന ലഭിക്കുന്നില്ലന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ടി.എച്ച്.എസ്.എൽ. സി. പരീക്ഷയിൽ 11 എ പ്ലസ് ലഭിച്ച വിദ്യാർത്ഥി എസ്.എസ്.എൽ.സി.ക്ക് 8 എ പ്ലസ് കിട്ടിയ വിദ്യാർത്ഥിക്ക് തുല്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;;

(സി) ഹയർ സെക്കണ്ടറി അലോട്ട്മെന്റിൽ ടി.എച്ച്.എസ്.എൽ.സി. വിദ്യാർത്ഥികൾ പുറന്തള്ളപ്പെടുന്ന സ്ഥിതി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## ഹയർ സെക്കൻററി ഏകജാലക പ്രവേശനം

811. ശ്രീ.പാറക്കൽ അബ്ദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻററി പ്ലസ് വൺ ഏകജാലക പ്രവേശനത്തിന് കോഴിക്കോട് ജില്ലയിൽ നിന്ന് ഈ അധ്യയന വർഷം മൊത്തം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എസ്.എസ്.എൽ.സി., സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ എന്നീ വിഭാഗങ്ങളിൽ നിന്ന് യഥാക്രമം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(സി) കൂടാതെ തത്തുല്യമായ മറ്റ് സിലബസുകളിലായി പത്താം ക്ലാസ് യോഗ്യത നേടിയ എത്ര അപേക്ഷകരുണ്ട്;

(ഡി) മൊത്തം അപേക്ഷകരെ ഉൾക്കൊള്ളുന്നതിനായി ജില്ലയിൽ എത്ര ഹയർ സെക്കൻററി സീറ്റുകൾ ഇപ്പോൾ നിലവിലുണ്ട്;

(ഇ) ജില്ലയിൽ നിലവിലുള്ള സീറ്റുകൾക്കപ്പുറം അധികമായി വരുന്ന കുട്ടികളുടെ പ്രവേശനത്തിനായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## ഹയർ സെക്കൻഡറി സ്കൂളുകളിലെ ക്ലാർക്ക് , പ്യൂൺ തസ്തികകൾ

812. ശ്രീ.എം.എം. മണി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലാർക്ക്, പ്യൂൺ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഹയർസെക്കന്ററി പ്രവേശനം</u>

813. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഹയർസെക്കന്ററി പ്രവേശനം നൽകുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങൾ വിശദമാക്കാമോ;

(ബി) ഇതു പരിഹരിക്കുന്നതിനും, പഠന മാർഗ്ഗങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനും ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഉപസമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>എച്ച്.എസ്.എസ്.ടി ഫിസിക്സ്, കെമിസ്ട്രി സീനിയർ-ജൂനിയർ റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനം</u>

814. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി ഫിസിക്സ്, കെമിസ്ട്രി സീനിയർ-ജൂനിയർ റാങ്ക് ലിസ്റ്റുകൾ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഈ ലിസ്റ്റുകളിൽ നിന്നും ഇതുവരെ നടന്ന നിയമനങ്ങളുടെ വിശദ വിവരം സംവരണ-സംവരേണതര വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നാളിതുവരെയുള്ള നിയമന നില വിശദമാക്കുമോ;us പ്രസ്തുത വിഷയങ്ങളിൽ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>എയ്ഡഡ് ഹയർ സെക്കണ്ടറി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള വേതനം</u>

815. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്ക് മാത്രം വേതനം നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പിലുള്ള 48404/റ്റി 2/15/പൊ.വി. നമ്പർ ഫയലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതോടൊപ്പം അനുവദിച്ച സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിയ സാഹചര്യത്തിൽ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ ഗസ്റ്റ് അദ്ധ്യാപകർക്കും വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

<u>മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ</u>

816. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ; എങ്കിൽ ഏത് പഞ്ചായത്തുകളാണെന്നും പ്രസ്തുത പഞ്ചായത്തുകൾ ഉൾപ്പെടുന്ന അസംബ്ലി മണ്ഡലങ്ങൾ ഏതാണെന്നും വ്യക്തമാക്കാമോ;

(ബി) മലയാളം മീഡിയം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെങ്കിലും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ അത് ന്യൂനതയായി കരുതുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം നൽകാൻ നടപടി

817. ശ്രീ.എൽദോ എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജ് പ്രകാരം സ്ഥിരം നിയമനം ലഭിച്ചതും എന്നാൽ മുൻകാലങ്ങളിൽ നിയമനാംഗീകാരം ലഭിച്ചതുമായ എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 2011 ജൂൺ 1 ന് മുമ്പ് ജോലി ചെയ്ത കാലയളവിലെ ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ സ്ഥിതിയും ശമ്പള കുടിശ്ശിക എന്നത്തേക്ക് നൽകാൻ കഴിയുമെന്നുള്ള വിശദാംശവും വെളിപ്പെടുത്താമോ ;

(സി) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയ ഉത്തരവിൽ 2011 ജൂൺ 1-നു മുമ്പ് നിയമനം ലഭിച്ച് ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ശമ്പളം നൽകുന്നതനിനുവേണ്ടി കെ ഇ ആർ ഭേദഗതി വരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

സൗജന്യ പാഠപുസ്തക വിതരണം

818. ശ്രീ.ഡി.കെ. മുരളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കാണ് പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ വർഷവും പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതിനായി എല്ലാ ചെലവുകളും ഉൾപ്പെടെ എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വിശദമാക്കുമോ ?

അടൂർ വിദ്യാഭ്യാസ ജില്ല

819. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനുബന്ധ ഫയൽ തീർപ്പിൽ കഴിഞ്ഞ സർക്കാർ അനുവർത്തിച്ചതായി പറയപ്പെടുന്ന കാലവിളംബം അവസാനിപ്പിച്ച് അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണത്തിന് സാദ്ധ്യമാകാത്ത തരത്തിൽ എന്തെങ്കിലും സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;എങ്കിൽ ആയത് വിശദമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് അടൂർ വിദ്യാഭ്യാസ ജില്ല സമയ ബന്ധിതമായി സാധ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ?

ഹിന്ദി അദ്ധ്യാപകരുടെ ഒഴിവുകൾ

820. ശ്രീ.വി. അബ്ദുറഹിമാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം ക്ലാസ്സ് വരെയുള്ള എൽ.പി. സ്കൂളുകളിൽ അഞ്ചാം ക്ലാസ്സിൽ ഹിന്ദി പഠിപ്പിക്കാൻ നിലവിൽ അദ്ധ്യാപകരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താനൂർ നിയോജകമണ്ഡലത്തിൽ ഇത്തരത്തിലുള്ള അഞ്ചു സ്കൂളുകൾ ഉള്ളവയെ യോജിപ്പിച്ച് ഒരു അദ്ധ്യാപകനെയെങ്കിലും നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

നൂൺ മീൽ ഓഫീസർമാരുടെ യാത്രാബത്ത കുടിശ്ശിക

821. ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്ര നൂൺ മീൽ ഓഫീസർമാർ ജോലി ചെയ്യുവരുന്നു;

(ബി) ഈ തസ്തിക എന്ന് മുതൽ നിലവിൽ വന്നു;

(സി) നൂൺ മീൽ ഓഫീസർമാരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്കൂളിൽ പോയി പരിശോധിക്കുന്നതിന് യാത്രാബത്ത അനുവദിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നാളിതുവരെ എത്ര തുക അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(എഫ്) നൂൺ മീൽ ഓഫീസർമാരുടെ യാത്രാബത്ത കുടിശ്ശിക എപ്പോൾ കൊടുക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?

കുളക്കട സ്കിൽ പാർക്ക് നിർമ്മാണം

822. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അസാപ്' പ്രകാരമുള്ള കൊല്ലം ജില്ലയിലെ കൊട്ടാരക്കര കുളക്കട സ്കിൽ പാർക്ക് നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; നിർമ്മാണം ആരാണ് ഏറ്റെടുത്തിരിക്കുന്നത്; നിർമ്മാണം പൂർത്തീകരിക്കാനുള്ള കാലയളവ് എത്രയാണ്;

(സി) പ്രസ്തുത പാർക്ക് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ?

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

823. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത് എന്ന് മുതൽക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര നിയമത്തിനു വിരുദ്ധമായി സംസ്ഥാനത്ത് അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാണോ;

(സി) വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമായും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്ന നടപടി സർക്കാർ വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

824. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

,, മഞ്ഞളാംകുഴി അലി

,, പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധനയ്ക്ക് ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ കെട്ടിടങ്ങളുടെ പഴക്കവും, കാലവർഷം മൂലമുള്ള അപകട സാധ്യതകളും കണക്കിലെടുത്ത് ആവശ്യമായ മുൻ കരുതലുകൾ സ്വീകരിക്കുമോ?

<u>സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും അയോഗ്യതയും</u>

825. ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും അയോഗ്യതയും വിലയിരുത്തിയിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ഗേൾസ് ഹൈസ്കൂൾ, ആല ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലെ പൊളിഞ്ഞുവീഴാറായ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അയോഗ്യത നിർണ്ണയിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) അപകടകരങ്ങളായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് കാലതാമസ്സമുണ്ടാക്കിയ ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ ?

<u>കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

826. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അംഗീകാരം നഷ്ടമാകുന്ന സ്ഥിതി വിശേഷംശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

<u>അനധികൃത നിയമനങ്ങൾക്കെതിരെ നടപടി</u>

827. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡി.ഡി. ഓഫീസിന് കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പി റ്റി എസ് തസ്തികയിൽ നിയമനം നടത്താനായി എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളിൽ യോഗ്യത ഇല്ലാത്തവരെ നിയമിച്ച ഡി ഡി -യുടെ നടപടി അന്വേഷിക്കുമോ ;

(ബി) മാനദണ്ഡങ്ങൾ പാലിക്കാതെ നിയമനം നടത്തിയ അധികൃതരുടെ പേരിൽ നടപടികൾ ഉണ്ടാകുമോ ?

<u>ഡയറ്റിലെ കലാ കായിക അദ്ധ്യാപകരുടെ പ്രൊമോഷൻ</u>

828. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഡയറ്റിൽ കലാ കായിക അദ്ധ്യാപകർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് നൽകാൻ ഡി.പി.ഐ യോട് ആവശ്യപ്പെട്ടിരുന്നോ; റിപ്പോർട്ട് ലഭിച്ചിരുന്നോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 20 വർഷത്തിലധികമായി ഒരേ പോസ്റ്റിൽ ജോലി ചെയ്തുവരുന്ന മേൽപ്പറഞ്ഞ വിഭാഗം അദ്ധ്യാപകർ പ്രൊമോഷന് അർഹതയുള്ളവരാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

മലപ്പുറം ജില്ലയിൽ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപക ക്ഷാമം

829. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപക ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ അദ്ധ്യയനവർഷം ആരംഭിച്ച സാഹചര്യത്തിൽ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുവാനും അവ നികത്തുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എൽ.പി, യു.പി അദ്ധ്യാപകരുടെ എത്ര ഒഴിവുകളാണുള്ളത്;

(ഡി) ജില്ലയിൽ നിലവിലുള്ള എൽ.പി.എസ്.എ റാങ്ക് പട്ടികയുടെ കാലാവധി തീരാറായ സാഹചര്യത്തിലും സംസ്ഥാനത്തെ ഏറ്റവും കൂടുതൽ പ്രൈമറി വിദ്യാലയങ്ങളുള്ളതും കൂടുതൽ കുട്ടികൾ പഠിക്കുന്നതുമായ ജില്ലയെന്ന പരിഗണനയിലും അദ്ധ്യാപക ഒഴിവുകൾ നികത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മൂക്കട്ട സർക്കാർ യു.പി. സ്കൂൾ ഏറ്റെടുക്കാൻ നടപടി

830. ശ്രീ.പി.വി. അൻവർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സബ് ജില്ലയിലെ മുക്കട്ട സർക്കാർ യു.പി. സ്കൂൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് കാരണം യഥാസമയം അറ്റകുറ്റപ്പണികളും, നിർമ്മാണ പ്രവർത്തനങ്ങളും നടത്താനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എടക്കര ആസ്ഥാനമായി ഒരു എ.ഇ.ഒ. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വാശ്രയ സ്ഥാപനങ്ങളുടെ ഗുണ നിലവാരപരിശോധന

831. ശ്രീ.കെ.ബി.ഗണേഷ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്ന സ്ഥിരം സംവിധാനങ്ങൾ സർക്കാർ മേഖലയിൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത പരിശോധിക്കാനോ വിലയിരുത്താനോ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനവും അർഹമായതും, യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ളതുമായ വേതനവും ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്ന എന്തെങ്കിലും സർക്കാർ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഡയറ്റിലെ അദ്ധ്യാപകനിയമനം</u>

832. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡയറ്റിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനു ശേഷവും എം.എഡ് യോഗ്യത ഇല്ലാത്ത അദ്ധ്യാപകരെ സീനിയർ ലക്ച്ചറർ ആയി താല്ക്കാലികമായി നിയമിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന അപ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഇവരുടെ പ്രൊമോഷൻ കാര്യം പരിഗണിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>തുണക്കടവ് ജി.റ്റി.ഡബ്ല്യൂ എൽ.പി സ്കൂളിന്റെ പ്രവർത്തനം</u>

833. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആദിവാസി മേഖലയിലുള്ള വിവിധ ഊരുകളിലെ കുട്ടികൾ പ്രൈമറി വിദ്യാഭ്യാസം നടത്തുന്ന തുണക്കടവ് ജി.റ്റി.ഡബ്ല്യൂ എൽ.പി സ്കൂളിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളിൽ നിന്നും തുടർ പഠനത്തിന് മറ്റ് സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ് സംബന്ധിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് തുണക്കടവ് ജി.റ്റി.ഡബ്ല്യൂ എൽ.പി സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ആലത്തൂർ എ.എസ്.എം.എം.എച്ച്.എസ്.എസ്.</u>

834. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ എ.എസ്.എം.എം.എച്ച്.എസ്.എസ്.ലെ മാനേജ് മെന്റ് അവകാശത്തർക്കം മൂലം സ്കൂൾ നടത്തിപ്പ് സ്തംഭനാവസ്ഥയിലായത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിരവധി അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താത്തതിനാൽ പഠനത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെ പഠിപ്പിക്കാൻ കരാർ വ്യവസ്ഥയിൽ അദ്ധ്യാപകരേയോ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരേയോ നിയമിക്കാൻ സന്നദ്ധമാകുമോ;

(സി) സ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്താതുമൂലം കുട്ടികൾ നേരിടുന്ന അപകട ഭീഷണി എങ്ങനെ നേരിടുമെന്ന് വ്യക്തമാക്കുമോ;

(ഡി) മാനേജ് മെന്റ് ശ്രദ്ധിക്കാത്ത ഒരു സ്കൂൾ സർക്കാർ ഏറ്റെടുക്കാൻ തയ്യാറുകുമോയെന്ന് വ്യക്തമാക്കുമോ?

<u>ചാവക്കാട് ലൈബ്രറി കൗൺസിൽ ഓഫീസിന് കെട്ടിടം</u>

835. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്ക് ലൈബ്രറി കൗൺസിൽ ഓഫീസ് ചേറ്റുവയിൽ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാവക്കാട് വിദ്യാഭ്യാസ ജില്ലയിലെ വലപ്പാട്ടു സബ്ജില്ലയിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ ചേറ്റുവ

ജി എം യു പി സ്കൂളിൽ ക്ലാസ്സ്മുറികൾ ഒഴിഞ്ഞുകിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറി കൗൺസിലിന് ഓഫീസ് തുടങ്ങാൻ ഒഴിഞ്ഞുകിടക്കുന്ന ക്ലാസ്സുമുറികളിൽ ഒന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ചാലക്കുടി ട്രൈബൽ ഹോസ്റ്റൽ പുനരുദ്ധാരണം</u>

836. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഈസ്റ്റ് ജി.എച്ച്.എസ് കോമ്പൗണ്ടിൽ, ട്രൈബൽ വകുപ്പിനു കീഴിലുള്ള പെൺകുട്ടികളുടെ ഹോസ്റ്റൽ കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിലായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആയത് പൊളിച്ച് മാറ്റി പുതിയ ഒരു ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>അദ്ധ്യാപക ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപകർ</u>

837. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ കുട്ടികളുടെ കുറവ് മൂലം ജോലി നഷ്ടപ്പെട്ട എത്ര അദ്ധ്യാപകരാണ് അദ്ധ്യാപക ബാങ്കിൽ ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) അദ്ധ്യാപക ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപകർ നിലവിൽ ചെയ്യുന്ന ജോലി എന്താണെന്ന് വിശദമാക്കുമോ;

(സി) അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്ന സ്കൂളുകളിലും, ലീവ് എടുക്കുന്നവർക്ക് പകരമായും ഇത്തരം അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>വേങ്ങൂർ ഗവൺമെന്റ് എൽ.പി. സ്കൂളിലെ അദ്ധ്യാപക തസ്തികകൾ നികത്തുന്നതിനു നടപടി</u>

838. **ശ്രീ.എൽദോസ് കുന്നപ്പിള്ളി :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിലെ വേങ്ങൂർ ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഏറ്റവും പുതിയ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് 9 അദ്ധ്യാപകർ വേണ്ടിടത്ത് 4 പേർ മാത്രമാണ് ജോലി ചെയ്യുന്നത്. ആദിവാസി മേഖലയിൽ നിന്നുള്ള കുട്ടികൾ ഉൾപ്പെടെ പഠിക്കുന്ന ഇവിടെ, നിലവിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ</u>

839. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി., കോമേഴ്സ്(സീനിയർ)തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(ബി) എസ്.സി/എസ്.റ്റി സ്പെഷ്യൽ റിക്രൂട്ട്മെന്റിന് വേണ്ടി മാറ്റിവച്ച ഒഴിവുകൾ ഒഴികെ, എച്ച്.എസ്.എസ്.റ്റി കോമേഴ്സ്(ജൂനിയർ)തസ്തികയിൽ ഇനി എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്;

(സി) എൽ.പി.എസ്.എ/യു.പി.എസ്.എ/എച്ച്.എസ്.എ/എച്ച്.എസ് ലാബ് അസിസ്റ്റന്റ്/ എച്ച്.എസ് മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് പ്രമോഷൻ നൽകുന്നതിന് വേണ്ടി എച്ച്.എസ്.എസ്.റ്റി കോമേഴ്സ്(ജൂനിയർ) ന്റെ എത്ര ഒഴിവുകൾ മാറ്റി വച്ചിട്ടുണ്ട്;

(ഡി) എച്ച്.എസ്.എസ്.റ്റി കോമേഴ്സ്(ജൂനിയർ) ആയി പ്രമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിലുണ്ടോ; അർഹതപ്പെട്ടവരുടെ ലിസ്റ്റ് നിലവിലില്ലാത്ത പക്ഷം ഗവ. സർക്കുലർ പ്രകാരം ഈ ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുമോ;

(ഇ) ഗവൺമെന്റ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിലായി എച്ച്.എസ്.എസ്.റ്റി കോമേഴ്സ്(ജൂനിയർ) തസ്തികയിൽ നിലവിൽ അറുപതോളം ഒഴിവുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനം

840. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഏതൊക്കെ വിഷയത്തിലുള്ള ഹൈസ്കൂൾ അസിസ്റ്റന്റിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളതെന്ന് അറിയുമോ ;

(ബി) നിയമന നിരോധനവും സ്റ്റാഫ് ഫിക്സേഷനും പൂർത്തിയാക്കാത്തതുമൂലം റാങ്ക് ലിസ്റ്റിൽ നിന്നും വളരെക്കുറവ് നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂവെന്നതിനാൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) എയിഡഡ് സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ 1:35 വച്ച് അധ്യാപകരെ സംരക്ഷിച്ചതുപോലെ സർക്കാർ സ്കൂളുകളിലും ആനുപാതികമായ തസ്തിക നിർണ്ണയം നടത്തി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

## ഏകാധ്യാപക വിദ്യാലയങ്ങളിലെ അധ്യാപകരുടെ ശമ്പളം

841. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏകാധ്യാപക വിദ്യാലയങ്ങളിലെ അധ്യാപകരുടെ ശമ്പളം 5000 രൂപയിൽ നിന്നും 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏകാധ്യാപക വിദ്യാലയങ്ങളിലെ അധ്യാപകരുടെ പുതുക്കിയ ശമ്പളം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പുതുക്കിയ ശമ്പളം നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പുതുക്കിയ ശമ്പളം എന്ന് മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; മുൻകാല പ്രാബല്യത്തോടെ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## പാഠപുസ്തക അച്ചടിയിലുണ്ടായ ക്രമക്കേടുകളും ഫല പ്രഖ്യാപനത്തിലുണ്ടായ വീഴ്ചകളും

842. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്.സർക്കാറിൻെറ കാലയളവിൽ പാഠപുസ്തക അച്ചടിയിലുണ്ടായ അഴിമതികൾ സംബന്ധിച്ച് ആക്ഷേപത്തിൻമേൽ അന്വേഷണം നടത്തുവാൻ നടപടിയെടുക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സ്കൂൾ കുട്ടികൾക്ക് യഥാസമയം പുസ്തകം ലഭിക്കാത്തത് കാരണം പാഠപുസ്തകം ഇല്ലാതെ കുട്ടികൾ വാർഷിക പരീക്ഷ എഴുതേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുത്തരവാദികളെ കണ്ടെത്തുവാനും ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാറിൻെറ കാലയളവിൽ എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിലും ഫല പ്രഖ്യാപനത്തിലും ഉണ്ടായ വീഴ്ചകളും അട്ടിമറി പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്

സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാർ കാലയളവിൽ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ സംഭവിച്ച വീഴ്ചകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഇ) കഴിഞ്ഞ സർക്കാർ പാഠ്യപദ്ധതി പരിഷ്കരണം ഉപേക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വീഴ്ചകൾ പരിശോധിച്ച് ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കാനും പാഠ്യപരിഷ്കരണ പദ്ധതി പുനരാവിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ?

<u>കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം</u>

843. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയാണ് വകയിരുത്തിയിരിയ്ക്കുന്നതെന്ന് വിശദമാക്കുമോ?

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

844. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നതോടെ സ്കൂൾ പഠനം ഉപേക്ഷിച്ചവരുടെ എണ്ണം എപ്രകാരമാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ കാരണങ്ങൾ കണ്ടെത്തി സ്കൂളിലേയ്ക്ക് തിരികെയെത്തിക്കുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) പല സ്വകാര്യ സ്കൂളുകളിലും വിദ്യാഭ്യാസ അവകാശ നിയമം നിലവിലിരിക്കെത്തന്നെ വിദ്യാർത്ഥികളെ തോൽപ്പിക്കാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പു വരുത്തുമോയെന്ന് വ്യക്തമാക്കാമോ ?

<u>സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ</u>

845. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലും പുതിയതായി പ്ലസ്ടുകോഴ്സ് അനുവദിച്ച സ്കൂളുകളിലും മതിയായ കെട്ടിട സൗകര്യമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളുകളിൽ കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളുമൊരുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>വിദ്യാഭ്യാസ മേഖലയിലെ വിവാദ ഉത്തരവുകൾ</u>

846. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്തെ വിവാദ ഉത്തരവുകൾ മന്ത്രിസഭാ ഉപസമിതി പരിശോധിച്ചതിൽ, വിദ്യാഭ്യാസ മേഖലയിൽ നടന്ന ക്രമക്കേടുകൾ എന്തെല്ലാമാണെന്ന്

കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖല, പൊതു വിദ്യാഭ്യാസ മേഖല എന്നീ വകുപ്പുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി ലഭ്യമാക്കാമോ?

സ്കൂളുകളിലെ സാദ്ധ്യായ ദിവസങ്ങൾ

847. ശ്രീ.റോഷി അഗസ്റ്റിൻ
,, മോൻസ് ജോസഫ്
,, സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അധ്യയന വർഷത്തിലെ ആകെ സാദ്ധ്യായ ദിവസങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ആകസ്മികമായി ഉണ്ടാകുന്ന അവധികൾ മൂലം സാദ്ധ്യായ ദിവസങ്ങളിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം നഷ്ടമാകുന്ന സാദ്ധ്യായ ദിവസങ്ങൾക്ക് പകരം എന്ത് സംവിധാനമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ സാദ്ധ്യായ ദിവസങ്ങൾ നഷ്ടമാകുന്നത് സർക്കാർ സ്കൂളുകളെ അനാകർഷകങ്ങളാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഒരു അധ്യയന വർഷത്തിൽ പരമാവധി സാദ്ധ്യായ ദിവസങ്ങൾ ലഭ്യമാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്മാർട്ട് ചിൽഡ്രൻ പദ്ധതി

848. ശ്രീ.എ.പി. അനിൽ കുമാർ
,, ഷാഫി പറമ്പിൽ
,, കെ.മുരളീധരൻ
,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് ചിൽഡ്രൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വൈദ്യുതീകരണം

849. ശ്രീ.സി. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈദ്യുതീകരിച്ച് ആവശ്യാനുസരണം ട്യൂബ് ലൈറ്റുകളും ഫാനുകളും സ്ഥാപിക്കണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്നും ഇതിനായി എത്ര തുക ആവശ്യമായി വരുമെന്നും വ്യക്തമാക്കുമോ;

(സി) ബാലാവകാശ കമ്മീഷൻ ഇതിനോടൊപ്പം മറ്റെന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർമ്മാണപ്രവൃത്തി ചെയ്യുന്നതിന് ഡി.പി.ഐ യുടെ അനുവാദം

850. **ശ്രീ.ഇ.റ്റി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി, യു.പി, എച്ച്.എസ്, വി.എച്ച്.എസ്.ഇ, എച്ച്.എസ്.എസ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർമ്മാണപ്രവൃത്തി ചെയ്യുന്നതിന് ഡി.പി.ഐ യുടെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്ന സർക്കുലർ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അധികാരവികേന്ദ്രീകരണത്തിന് ഇത്തരം സർക്കുലർ തടസ്സം സൃഷ്ടിക്കു ന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽപ്പറഞ്ഞ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അനുവാദം നൽകേണ്ടി വരുമ്പോഴുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാൻ നടപടി

851. **ശ്രീമതി.വീണാ ജോർജ്ജ് :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ കൊഴിഞ്ഞുപോക്കും ഡിവിഷൻ ഫോളും നേരിടുന്ന സർക്കാർ സ്കൂളുകൾക്കായി പുനരുദ്ധാരണ പരിപാടികൾ അടിയന്തരമായി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കുന്ദമംഗലത്ത് 'അസാപ്' കേന്ദ്രം

852. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള ഒന്നര ഏക്കർ ഭൂമിയിൽ 'അസാപ്' കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

## തിരുവനന്തപുരം ജില്ലയിലെ എൽ പി എസ് എ നിയമനം

853. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തവ എത്ര; വ്യക്തമാക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റി (ഇംഗ്ലീഷ്) ന്റെ ഒഴിവുകൾ

854. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റി (ഇംഗ്ലീഷ്) ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിദ്യാഭ്യാസജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അധ്യാപക തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സർക്കാർ എയ്ഡഡ് സ്കൂളുകൾ

855. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന എത്ര സർക്കാർ, എയിഡഡ് സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഇവയെ നിലനിർത്താൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എത്ര കുട്ടികളിൽ കുറവ് ഉള്ള സ്കൂളുകളെയാണ് അൺ എക്കണോമിക് ആയി കണക്കാക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആ മാനദണ്ഡ പ്രകാരം എത്ര അൺ എക്കണോമിക് സ്കൂളുകൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയുടെ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഭിന്നശേഷിയുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകരെ തിരിച്ചെടുക്കുന്നതിന് നടപടി

856. ശ്രീ.എൽദോസ് കുന്നപ്പിള്ളി **:** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളിലായി ഭിന്നശേഷിയുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകരിൽ നിന്നും പുറത്താക്കപ്പെട്ട 491 പേരെ തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ആദായകരമല്ലാത്ത പൊതുവിദ്യാലയങ്ങൾ

857. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാദായകരമെന്ന പേരിൽ എത്ര പൊതുവിദ്യാലയങ്ങളെ തിട്ടപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അനാദായകരമെന്ന് തിട്ടപ്പെടുത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാലയങ്ങളിലെ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം

858. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകളിൽ സ്ഥിരം/എംപ്ലോയ്മെന്റ് നിയമനം നടക്കുന്നതു വരെ വിദ്യാലയങ്ങളുടെ സുഗമമായ നടത്തിപ്പിന് ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനെതിരായി ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഹയർസെക്കന്ററി തുല്യതാ കോഴ്സ്

859. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ ആരംഭിച്ച ഹയർസെക്കന്ററി തുല്യതാ കോഴ്സിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) മറ്റു കോഴ്സുകൾ പോലെ ആകർഷകമല്ലാത്ത ഹയർ സെക്കണ്ടറി കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യസംസ്ഥാന തുല്യതാ കോഴ്സുകൾ, ദേശീയ സാക്ഷരതാ മിഷന്റെ കോഴ്സുകൾ എന്നിവയെപ്പോലെ ഈ കോഴ്സിന്റെയും കാലദൈർഘ്യം ആറു മാസമോ, ഒരു വർഷമോ ആക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ ?

ഹയർസെക്കണ്ടറി അഡീഷണൽ ബാച്ചിലെ തസ്തികകൾ

860. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഹയർസെക്കണ്ടറി അഡീഷണൽ ബാച്ചിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

ഹയർസെക്കണ്ടറി ജൂനിയർ അധ്യാപകരുടെ പ്രമോഷൻ

861. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർസെക്കണ്ടറി മേഖലയിൽ ജോലി ചെയ്യുന്ന ജൂനിയർ അദ്ധ്യാപകരുടെ പ്രമോഷൻ പരിഗണനയിൽ ഉണ്ടോ എന്ന കാര്യം അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ ഈ വിഷയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന കാര്യം വിശദമാക്കുമോ?

അടച്ചുപൂട്ടുന്ന വിദ്യാലയങ്ങൾ

862. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളാണ് അനാദായകരമെന്ന് കണ്ടെത്തിയത്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) ഇത്തരം വിദ്യാലയങ്ങളിൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവ എത്രയാണ്; വിശദാംശം നൽകുമോ;

(സി) അടച്ചുപൂട്ടുന്ന വിദ്യാലയങ്ങളെ സർക്കാർ ഏറ്റെടുക്കുമോ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇതിനകം എത്ര വിദ്യാലയങ്ങൾ ഇങ്ങനെ ഏറ്റെടുത്തിട്ടുണ്ട്; കണക്കുകൾ വെളിപ്പെടുത്തുമോ;

(ഇ) അനാദായകരമായ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ ശാക്തീകരണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും നിലനിർത്തുവാനും നടപടികൾ സ്വീകരിക്കുമോ?

ഹയർസെക്കന്ററി, വോക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ഒഴിവുകൾ

863. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ ഹയർസെക്കന്ററി, വോക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലാണ് അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത്;

(ബി) പ്രസ്തുത സ്കൂളുകളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുമ്പ് അദ്ധ്യാപകരുടെ തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാഠപുസ്തകങ്ങളുടെ ലഭ്യത

864. ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങളുടെ ലഭ്യത മുൻകൂട്ടി ബോദ്ധ്യപ്പെടാമെന്നിരിക്കെ പോലും അത് യഥാസമയം ഉറപ്പാക്കുന്നതിന് കഴിയാത്ത സ്ഥിതി വർഷങ്ങളായി തുടരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ ആയത് വിശദമാക്കുമോ;

(ബി) യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പാഠപുസ്തക അച്ചടി സംബന്ധിച്ച് അനുബന്ധ വകുപ്പുകളുമായി ആലോചിച്ച് ഒരു പ്രവർത്തന കലണ്ടർ ഉണ്ടാക്കി അതനുസരിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പാഠപുസ്തകങ്ങളുടെ അച്ചടി

865. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും എട്ടിലെ ഐ.ടി പുസ്തകവും ഈ വർഷം മാറിയിട്ടും സമയത്തു തന്നെ അച്ചടി പൂർത്തിയാക്കി മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞത് എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ബി) പുസ്തകത്തിന്റെ വിതരണം ഏതു ഘട്ടം വരെയായിട്ടുണ്ടെന്നും ഐ.ടി പുസ്തകം എന്നേയ്ക്ക് വിതരണത്തിന് തയ്യാറായിട്ടുണ്ടെന്നും അറിയിക്കുമോ?

ഭാഷാദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെടുന്ന സ്ഥിതി

866. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഉപജില്ലയിലെ ഏഴോളം സ്കൂളുകളിൽ 2014 - 2015, 2015 - 2016 വർഷങ്ങളിൽ 'സമ്പൂർണ്ണ' സോഫ്ററ് വെയർ ഉപയോഗിച്ച് , ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണം ഡാറ്റാ എൻട്രി നടത്തുന്ന സമയത്ത് വന്ന പിഴവ് കാരണം, സബ് ജില്ലയിൽ വർഷങ്ങളുടെ സേവനമുള്ള ഭാഷാദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെടുന്ന സ്ഥിതി രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി ഉപജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് ഇത്തരത്തിൽ പ്രശ്നം ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സമ്പൂർണ്ണ സോഫ്റ്റ് വെയർ ഓപ്പൺ ചെയ്ത് ഭാഷാ വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഉന്നതതലത്തിൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

പിണവൂർകുടിയിലെ ആദിവാസി പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ

867. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിണവൂർകുടി സ്കൂളിനോട് ചേർന്ന് ആദിവാസി പെൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനുവേണ്ടി 2010ൽ പണികഴിപ്പിച്ച ഹോസ്റ്റൽ ഇതുവരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസി പെൺകുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പ് വരുത്തുവാൻ ഈ ഹോസ്റ്റൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഹയർസെക്കൻഡറി സ്കൂളുകളിലേയ്ക്കുള്ള ഭാഷാപുസ്തകം</u>

868. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഹയർസെക്കൻഡറി സ്കൂളുകളിലേയ്ക്കുള്ള ഭാഷാപുസ്തകം ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(സി) ഇത് സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>സർവ്വകലാശാലകളുടെ പ്രവർത്തനം</u>

869. ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നിലവാരം മോശമായിട്ടുള്ള സ്ഥിതി ഹൈക്കോടതി പരാമർശങ്ങളിലടക്കം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വകലാശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) സർവ്വകലാശാലകളുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളിലെ കാലവിളംബം പരിഹരിക്കുന്നതിനായി ഓൺ-ലൈൻ പ്രോസ്സസ്സിംഗ് സാദ്ധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>പൊതുവിദ്യാലയങ്ങളുടെ സംരക്ഷണം</u>

870. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു വിദ്യാലയങ്ങളെ ഹൈടെക്ക് ആക്കുന്നതിനും മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ?

<u>പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ നടപടി</u>

871. ശ്രീ.കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞ് വരുന്നത് എന്ത് കൊണ്ടാണെന്ന് കണ്ടെത്താനുള്ള ശാസ്ത്രീയ ശ്രമം നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളുടെ വിശ്വാസ്യത വളർത്താൻ വിജയശതമാനം ഉയരുന്നതിന് ആനുപാതികമായി ഗുണനിലവാരവും ഉയരേണ്ടതുണ്ട് എന്ന ആശയം മുൻനിർത്തി വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരു പുനഃക്രമീകരണം ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) ആവശ്യമായ ഭൗതിക സാഹചര്യങ്ങളും, ഗുണനിലവാരവും ഉറപ്പുവരുത്തുന്ന പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് കണക്കിലെടുത്ത് മറ്റുള്ളിടത്തും ഇത് ഉറപ്പ് വരുത്തുന്നതിനുള്ള പ്രായോഗികമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>തസ്തിക നിർണ്ണയത്തിൽ പുറത്തായ അദ്ധ്യാപകർക്ക് **10-**ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ</u>

872. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തസ്തിക നിർണ്ണയത്തിൽ പുറത്തായ അദ്ധ്യാപകർക്ക് 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകേണ്ടതില്ലന്ന് തീരുമാനിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ. വിശദമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ, നെയ്യാറ്റിൻകര ഡി.ഇ.ഒ യുടെ അധീനതയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിൽ പുറത്തായ അദ്ധ്യാപകർക്ക് 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ.

(സി) തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരുടെ വിഷയങ്ങളിൽ സുവ്യക്തമായ ഉത്തരവിറക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>വി.സി.മാരുടെ നിയമനം</u>

873. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് അനർഹരും അയോഗ്യരുമായവർ വി.സി.മാരായി നിയമനം നേടിയതും റിയൽ എസ്റ്റേറ്റ് കച്ചവടക്കാർ, ഹോട്ടൽ മുതലാളിമാർ തുടങ്ങി പലതരം വ്യവസായികൾക്ക് സർവ്വകലാശാലകൾ ഭരിക്കാൻ അവസരമുണ്ടായിയെന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ ബഹു. ഗവർണ്ണർ തന്നെ വി.സി.മാരെ യോഗ്യതയില്ലാത്ത കാരണത്താൽ പിരിച്ചുവിട്ട സംഭവമുണ്ടായിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം എന്നും ഇതിനുമുൻപ് ഇത്തരം നടപടികൾ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

<u>കുമ്പള ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജിന് കെട്ടിടം</u>

874. **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുമ്പള ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ് വർഷങ്ങളായി പഞ്ചായത്ത് വക കല്യാണ മണ്ഡപത്തിലും ദുരിതാശ്വാസ കേന്ദ്രത്തിലുമാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിന് കെട്ടിടം പണിയുന്നതിന് അനുവദിച്ച കുണ്ടംകരടുക്കയിലെ 5.6 ഏക്കർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>എയ്ഡഡ് കോളേജുകളിലെ സെൽഫ് ഫൈനാൻസിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ</u>

875. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ സെൽഫ് ഫൈനാൻസിംഗ് കോഴ്സുകളിൽ പ്രവേശന നടപടികൾ പൂർത്തിയാക്കിയശേഷവും സർക്കാരിന്റെ അനുമതി ലഭ്യമല്ലാത്തതിനാൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ചുള്ള അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ബി) ഇതു സംബന്ധിച്ച് തൃശ്ശൂർ സെന്റ് തോമസ് കോളേജും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജും അടക്കമുള്ള കോളേജുകളുടെ അപേക്ഷകളിൽ നടപടി സ്വീകരിക്കാമോ?

ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭിക്കുതിനുള്ള കാലതാമസം

876. ശ്രീ.റോഷി അഗസ്റ്റിൻ

,, മോൻസ് ജോസഫ്

,, സി.എഫ്.തോമസ്

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ കോഴ്സ് റിസൾട്ട് വന്നതിനുശേഷം ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് താമസംവിനാ ലഭിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഫാസ്റ്റ് ട്രാക്ക് സംവിധാനം എല്ലാ യൂണിവേഴ്സ്റ്റികളിലും ലഭ്യമാണോ; ഇതിനായി എത്ര ഫീസാണ് യൂണിവേഴ്സിറ്റികൾ ഈടാക്കുന്നതെന്ന് വെളിപ്പെടുത്താമോ;ഫാസ്റ്റ് ട്രാക്കിൽ അപേക്ഷിക്കുന്നവർക്ക് ഡിഗ്രി സർട്ടിഫിക്കറ്റുകൾ എത്ര ദിവസത്തിനുള്ളിൽ ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഡിഗ്രി സർട്ടിഫിക്കറ്റുകൾ വൈസ് ചാൻസലർ നേരിട്ടു തന്നെ ഒപ്പിടണമെന്നുള്ള ചട്ടം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കുന്നതിന് ഈ ചട്ടം മൂലം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

നെന്മാറ മണ്ഡലത്തിൽ സർക്കാർ - എയ്ഡഡ് കോളേജ്

877. ശ്രീ.കെ. ബാബു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ ആർട്സ്/സയൻസ് കോളേജ്, പോളിടെക്നിക് എന്നിവ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നെന്മാറ നിയോജക മണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നെന്മാറ നിയോജക മണ്ഡലത്തിൽ പുതിയ കോളേജ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി

878. ശ്രീ.കെ.സി.ജോസഫ്

,, അനിൽ അക്കര

,, ഷാഫി പറമ്പിൽ

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഒല്ലൂർ വൈലോപ്പിള്ളി സ്മാരക ആർട്സ് & സയൻസ് കോളേജിന്റെ ശോച്യാവസ്ഥ

879. **ശ്രീ.കെ. രാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ വൈലോപ്പിള്ളി സ്മാരക ആർട്സ് & സയൻസ് കോളേജിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലമുള്ള ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

നെടുമങ്ങാട് സർക്കാർ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ

880. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് സർക്കാർ കോളേജിൽ ആഡിറ്റോറിയം, ക്യാന്റീൻ ടോയിലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

എഞ്ചിനീയറിംഗ് പ്രവേശനഫീസ് ഘടന സംബന്ധിച്ച കരാർ

881. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് പ്രതിനിധികളുമായി എഞ്ചിനീയറിംഗ് പ്രവേശനഫീസ് ഘടന സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) എത്ര കോളേജുകളുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

കരുനാഗപ്പള്ളിയിൽ അനുവദിച്ച സർക്കാർ കോളേജ്

882. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ അനുവദിച്ചിട്ടുള്ള സർക്കാർ കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ അദ്ധ്യയന വർഷം തന്നെ ക്ലാസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അഡ്മിഷനുള്ള നടപടി ഏത് ഘട്ടം വരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇവിടെ അദ്ധ്യയനം ആരംഭിക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള മറ്റു നടപടികൾ എന്തൊക്കെ; വിശദമാക്കുമോ?

കൊരട്ടി സർക്കാർ പോളിടെക്നിക്ക്

883. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി സർക്കാർ പോളിടെക്നിക്കിൽ മെക്കാനിക്കൽ, സിവിൽ, കമ്പ്യൂട്ടർ, ഇലക്ട്രിക്കൽ കോഴ്സുകൾ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിലെ വനിതാ ഹോസ്റ്റലിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപക തസ്തികകൾ</u>

884. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എന്നീ ഡിപ്പാർട്ട്മെന്റുകളിൽ എ.ഐ.സി.ടി.ഇ. നോംസ് അനുസരിച്ച് ഉണ്ടായിരിക്കേണ്ട അദ്ധ്യാപക തസ്തികകൾ ഏതെല്ലാം;

(ബി) ഇവയിൽ ഏതെല്ലാം തസ്തികകൾ നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുവെന്നും അവ എത്രകാലമായി ഒഴിഞ്ഞ് കിടക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) എന്തുകൊണ്ടാണ് പ്രസ്തുത ഒഴിവുകൾ നികത്തപ്പെടാത്തതെന്ന് വിശദമാക്കുമോ;

(ഡി) അദ്ധ്യാപകർ ക്യു. ഐ.പി യിൽ പോയപ്പോൾ ഉണ്ടായിട്ടുള്ള ഒഴിവുകൾ എത്ര;

(ഇ) മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ക്യു.ഐ.പി ക്ക് പോയ അദ്ധ്യാപകരുടെ തസ്തികകൾ കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ?

<u>കുഴൽമന്ദം ഐ.എച്ച്.ആർ.ഡി. പോളിടെക്നിക്</u>

885. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള പോളിടെക്നിക്കിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ബി) പോളിടെക്നിക്കിന് അനെർട്ടിലൂടെ ലഭ്യമായ സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഇവിടെ എത്തിച്ചേരാൻ റോഡ് നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന് പുതിയ കെട്ടിടം പണിയുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ?

<u>വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്</u>

886. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിന് എ.ഐ.സി.റ്റി.യുടെ അംഗീകാരം നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന് 2016-17 വർഷം എ.ഐ.സി.റ്റി.യുടെ അംഗീകാരം നഷ്ടമായ സാഹചര്യം വിശദമാക്കാമോ;

(സി) എ.ഐ.സി.റ്റി. അംഗീകാരത്തിനുവേണ്ടി മുൻ സർക്കാരിന്റെ കാലത്ത് ഓൺലൈൻ അപേക്ഷ നൽകുന്നതിലുണ്ടായ വീഴ്ചയാണ് ഇപ്രകാരം സംഭവിക്കാനിടയായതെന്ന വാർത്ത പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിനു കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ഇ) ഇക്കാര്യം പരിശോധിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ

സ്വീകരിക്കുമോ;

(എഫ്) വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിന്റെ അംഗീകാരം പുന:സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെഎൻജിനീയറിംഗ് കോളേജുകൾ

887. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എൻജിനീയറിംഗ് കോളേജുകളാണ് പ്രവർത്തിക്കുന്നത്;

(ബി) മുൻവർഷത്തിൽ സ്വാശ്രയകോളേജുകളിലെ മെറിറ്റ് വിഭാഗത്തിലും മാനേജ് മെന്റ് വിഭാഗത്തിലും എത്ര സീറ്റുകളാണ് ഒഴിഞ്ഞ് കിടന്നത്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിജയശതമാനം കുറഞ്ഞ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

സർവ്വകലാശാലകളിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

888. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണ്; ഇതിൽ എത്ര എണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര എണ്ണം റിപ്പോർട്ട് ചെയ്യാനുണ്ട്; ഇവ സംബന്ധിച്ച് സർവ്വകലാശാല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2019 ജൂൺ 30 വരെ ഈ തസ്തികകളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്;

(സി) സർവ്വകലാശാലകളിൽ നിന്നും പ്രതീക്ഷിത ഒഴിവുകൾപി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് നിർദ്ദേശം നൽകുമോ;

(ഡി) നിലവിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലുമുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ; ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

കാലിക്കറ്റ് സർവ്വകലാശാലയിലെ നിയമനങ്ങൾ

889. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ പ്യൂൺ നിയമന ലിസ്റ്റ് പുറത്തായതിൽ രജിസ്ട്രാറുടെ ഓഫീസിന് വീഴ്ച സംഭവിച്ചതായി അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മുൻപ്പു നടന്ന അസിസ്റ്റന്റ്- പ്യൂൺ നിയമനങ്ങളിലും ഇത്തരം ആക്ഷേപങ്ങൾ ഉയർന്നിരുന്നത് പരിശോധിക്കുമോ;

(സി) രജിസ്ട്രാറെ മാറ്റി നിർത്തി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

സാക്ഷരതാ പ്രേരക് മാരുടെ ഓണറേറിയം

890. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സാക്ഷരതാ പ്രേരക് മാർക്ക് നിലവിൽ കിട്ടുന്ന ഓണറേറിയം എത്ര രൂപയാണ്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1000 രൂപ ഓണറേറിയം വർദ്ധിപ്പിച്ചത് സാക്ഷരതാ പ്രേരക് മാർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഈ-ഡിസ്ട്രിക് പദ്ധതി</u>

891. ശ്രീ.അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, അടൂർ പ്രകാശ്
,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഈ-ഡിസ്ട്രിക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദീകരിക്കുമോ;

(സി) ഇതുവഴി എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമായിട്ടുള്ളത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

<u>പീച്ചി വില്ലേജ് ഓഫീസിന്റെ ശോച്യാവസ്ഥ</u>

892. ശ്രീ.കെ. രാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പീച്ചി വില്ലേജ് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലമുള്ള ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴ പെയ്താൽ ചോർന്നൊലിക്കുന്ന വില്ലേജ് ഓഫീസിൽ രേഖകൾ കേട് കൂടാതെ സൂക്ഷിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പീച്ചി വില്ലേജ് ഓഫീസ് കെട്ടിടം അടിയന്തരമായി നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>തലശ്ശേരി സ്റ്റേഡിയം നഗരസഭയ്ക്ക് വിട്ട് നൽകുന്നതിന്</u>

893. ശ്രീ.എ. എൻ. ഷംസീർ **:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന തലശ്ശേരി സ്റ്റേഡിയം നഗരസഭയ്ക്ക് വിട്ട് നൽകുന്നതിനു വേണ്ടി നഗരസഭ ആവശ്യപ്പെട്ടിരുന്നതിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് അറിയിക്കുമോ?

<u>ആരാധാനാലയങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമി</u>

894. ശ്രീ.പി.ടി. തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആരാധാനാലയങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമിയുടെ കണക്ക് വെളിപ്പെടുത്തുമോ ;വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഭൂമിയ്ക്ക് കൃത്യമായി നികുതി അടയ്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) കൃത്യമായ രേഖകളില്ലാതെ ആരാധാനാലയങ്ങൾ സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം കൈവശഭൂമി നിയമവിധേയമാക്കികൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അത്തരം സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>കാലവർഷക്കെടുതിയിൽ നാശനഷ്ടങ്ങൾ</u>

895. ശ്രീമതി യു. പ്രതിഭാ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഈ മൺസൂൺ കാലത്തോടനുബന്ധിച്ചുണ്ടായ കാലവർഷക്കെടുതിയിൽ പാർപ്പിടങ്ങൾക്കും കൃഷികൾക്കും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ദുരിത ബാധിതർക്കായി എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>. റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ്</u>

896. ശ്രീ.കെ.മുരളീധരൻ
,, അടൂർ പ്രകാശ്
,, വി.ഡി.സതീശൻ
,, വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ ?

<u>അയവന ഗവ.ടെക്നിക്കൽ ഹൈസ്കൂൾ സ്ഥലം ഏറ്റെടുക്കൽ നടപടി</u>

897. ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ അയവന ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ടെക്നിക്കൽ ഹൈസ്കൂൾ നടത്തുന്നതിന് കുറഞ്ഞത് എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നും അയവന സ്കൂളിന് എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകി നടപടി തുടങ്ങിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടിയിൽ സ്ഥലത്തിന് വില നിശ്ചയിച്ചതിലെ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

<u>ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തൽ</u>

898. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ അനിശ്ചിതത്വം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഭൂമി ഏറ്റെടുക്കലിന് വേഗത വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സംസ്ഥാനത്ത് സർവ്വെ വിഭാഗം ജീവനക്കാരെ പിൻവലിക്കുന്നത് സംബന്ധിച്ച് സർവ്വെ വകുപ്പ് ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഭൂമി കൈവശക്കാർക്ക് അനുവദിച്ചു നൽകാൻ നടപടി</u>

899. **ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.മുല്ലക്കര രത്നാകരൻ**
**,, ഇ.കെ.വിജയൻ**
**ശ്രീമതി സി.കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 നു മുമ്പ് കൈവശമുണ്ടായിരുന്നതും റവന്യൂ വകുപ്പും വനംവകുപ്പും സംയുക്ത പരിശോധന നടത്തിയതുമായ എത്ര ഏക്കർ ഭൂമി സംസ്ഥാനത്തുണ്ട്; ഇതിൽ എത്ര ഏക്കർ ഭൂമി കൈവശക്കാർക്ക് ഇതുവരെ അനുവദിച്ചു നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിനു മുമ്പുള്ള കൈവശക്കാർക്ക് ഇനി ഭൂമി വിതരണം ചെയ്യാനുണ്ടോ; ഉണ്ടെങ്കിൽ ഇനി എത്ര ഏക്കർ ഭൂമി വിതരണം ചെയ്യാനുണ്ട്; ഓരോ ജില്ലയിലും എത്ര വീതം;

(സി) ഇത്തരത്തിലുള്ള ഭൂമി വിതരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ</u>

900. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ മീനാട്, ആദിച്ചനെല്ലൂർ എന്നീ വില്ലേജ് പ്രദേശത്ത് ഉൾപ്പെട്ട ഭൂമി, പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചത് എന്നാണെന്നും, ഈ നടപടി പൂർത്തീകരിക്കുന്നതിലേക്കായി നാളിതുവരെ റവന്യൂ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; മേൽ തടസ്സങ്ങൾ ഈ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് മാത്രമായുള്ളതാണോ; അതോ സംസ്ഥാനത്ത് ആകെ ബാധകമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>കോവളം മണ്ഡലത്തിലെ തീരദേശ പട്ടയ വിതരണം</u>

901. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജക മണ്ഡലത്തിൽ തീരദേശ പട്ടയം ലഭിക്കുന്നതിനായി 2012 മുതൽ എത്ര അപേക്ഷ റവന്യൂ അധികാരികൾക്ക് ലഭ്യമായിട്ടുണ്ട്; നാളിതുവരെ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്നും അവർക്ക് എന്ന് പട്ടയം നൽകുമെന്നും വ്യക്തമാക്കാമോ;

(ബി) തീരദേശ പട്ടയത്തിനായി നൽകിയ അപേക്ഷകളിൻ മേൽ പരിശോധന പൂർത്തിയായിട്ടുണ്ടോ; ആരെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ;

(സി) തീരദേശ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളും കഷ്ടതയും കണക്കിലെടുത്ത് വേഗത്തിൽ ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

<u>പുതിയ താലൂക്കുകൾ</u>

902. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേണ്ടത്ര പഠനം നടത്താതെയാണ് മുൻ സർക്കാർ താലൂക്കുകൾ അനുവദിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ താലൂക്കുകൾ പ്രഖ്യാപിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്ന അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>വിജയ് മല്ല്യയ്ക്ക് സ്ഥലം പതിച്ച് കൊടുത്ത നടപടി</u>

903. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് ദേശീയപാതയോട് ചേർന്നുള്ള സ്ഥലം വ്യവസായി വിജയ മല്ല്യയ്ക്ക് പതിച്ചുകൊടുത്ത കഴിഞ്ഞ സർക്കാരിന്റെ നടപടികൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് പതിച്ചുകൊടുത്തതെന്നും എത്ര രൂപ മതിപ്പുവില വരുന്നതാണെന്നും ഇതിനായി എത്ര തുകയാണ് മുൻ സർക്കാർ വസൂലാക്കിയതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇടപാട് മൂലം സർക്കാരിന് എത്ര കോടി രൂപ നഷ്ടമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പട്ടയ വിതരണം</u>

904. ശ്രീ.പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കർഷകർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പട്ടയത്തിന് അപേക്ഷിച്ചവരിൽ വിവിധ ജില്ലകളിലായി ഇനി എത്രപേർക്ക് പട്ടയം നൽകുവാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

<u>മുക്കം മിനി സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി</u>

905. ശ്രീ.ജോർജ്ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളെന്തെന്ന് വിശദമാക്കാമോ;

(സി) മുക്കം മിനി സിവിൽ സ്റ്റേഷൻ അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഭൂരഹിത കേരളം പദ്ധതി</u>

906. ശ്രീ.സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ.ഇ.കെ.വിജയൻ
,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിത കേരളം പദ്ധതി ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പേരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ ഭൂമി ലഭിക്കുന്നതിനു വേണ്ടി നൽകിയ അപേക്ഷകൾ എത്രയാണെന്നും ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം എത്ര പേർക്കാണ് ഭൂമി നൽകിയിട്ടുള്ളത്; നൽകിയ ഭൂമി വാസയോഗ്യമല്ലാത്തതിനാൽ ഭൂമി ലഭിച്ചവർ അതുപേക്ഷിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിക്കപ്പെട്ട ജില്ലകളേതെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം</u>

907. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ആഭ്യന്തര വകുപ്പിനു കൈമാറുന്നതിനുള്ള ഫയൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്നാണ് ഈ ഫയൽ റവന്യൂ വകുപ്പിന് ലഭിച്ചത്; വിശദമാക്കുമോ;

(ബി) ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ക്യാബിനറ്റ് തീരുമാനം ആയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ഡി) ഈ ഫയലിന്മേൽ ക്യാബിനറ്റ് തീരുമാനം ഉണ്ടാകാൻ താമസം വന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഇ) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

<u>റവന്യൂ സർവ്വേ അദാലത്തുകൾ</u>

908. ശ്രീ.പി.ടി. തോമസ്
,, കെ.മുരളീധരൻ
,, വി.റ്റി.ബൽറാം
,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് റവന്യൂ സർവ്വേ അദാലത്തുകൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) അദാലത്തുകൾ മുഖേന എത്ര ലക്ഷം പരാതികളിൻ മേൽ പരിഹാരം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ ?

## പട്ടയം ലഭിക്കാതെ പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾ

909. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയം ലഭിക്കാതെ പാറ, തോട്, റോഡ്, പുഴ പുറമ്പോക്കുകളിൽ ദീർഘനാളായി താമസിക്കുന്നവരുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള കുടുംബങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ കോതമംഗലം താലൂക്കിൽ പട്ടയത്തിന് അപേക്ഷിച്ചിരിക്കുന്ന എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടയമില്ലാതെ പുറമ്പോക്കിൽ താമസിക്കുന്നവരുടെ അപേക്ഷയിന്മേൽ പട്ടയം കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

## കൊച്ചി താലൂക്കിലെ ഭൂരഹിതർ

910. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽപ്പെട്ട ഫോർട്ടു കൊച്ചി, മട്ടാഞ്ചേരി, രാമേശ്വരം, തോപ്പുംപടി വില്ലേജുകളിലായി ഭൂരഹിതരായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ഭൂമി നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഭൂരഹിതരും ഭവനരഹിതരുമായ ഇവരുടെ പ്രശ്നപരിഹാരത്തിന് എന്ത് ഉപാധിയാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

## ചീമേനി വില്ലേജിൽ കൈവശക്കാരായവർക്ക് പട്ടയം

911. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ -ചീമേനി പഞ്ചായത്തിൽപ്പെട്ട ചീമേനി വില്ലേജിൽ കൈവശക്കാരായ എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്നും പട്ടയം ലഭിക്കാത്ത എത്ര പേരുണ്ടെന്നും ഇവർക്ക് പട്ടയം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

## ചീമേനി പഞ്ചായത്തിലെ ബസ്സ് സ്റ്റാൻറ് നിർമ്മാണത്തിനുള്ള ഭൂമി

912. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി പഞ്ചായത്തിൽ ബസ്സ് സ്റ്റാൻറ് നിർമ്മാണത്തിനായി പഞ്ചായത്ത് വർഷങ്ങളായി ആവശ്യപ്പെട്ടു വരുന്ന ഭൂമി അനുവദിച്ച് നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പൊതുതാല്പര്യാർത്ഥം ഈ ഭൂമി, പഞ്ചായത്തിന് അനുവദിക്കാൻ അടിയന്തര നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

റവന്യൂ നടപടിക്രമങ്ങളിൽ തടസം നേരിടുന്നത് സംബന്ധിച്ച്

913. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കുമാരനെല്ലൂർ, കക്കാട്, കൊടിയത്തൂർ വില്ലേജുകളിലെ ചില പ്രദേശങ്ങളിൽ നിരവധി വർഷങ്ങളായി താമസിച്ചുവരുന്നവരുടെയും കർഷകരുടെയും ഭൂമിക്ക് തോട്ടം ഭൂമിയാണെന്ന കാരണത്താൽ നികുതി സ്വീകരിക്കുന്നതിനും കൈവശവകാശ രേഖ ലഭിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും പ്രയാസം നേരിടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

അനധികൃത റവന്യൂഭൂമി കൈയ്യേറ്റം

914. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ സംസ്ഥാനത്ത് അനധികൃത റവന്യൂ ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അനധികൃതമായി കയ്യേറിയ ഭൂമിയുടെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; സർക്കാർ ഭൂമി അനധികൃതമായി കൈയ്യേറ്റം നടത്തുന്നത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ സബ് സെന്റർ

915. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയുടെ ആലപ്പുഴ ജില്ലയിലെ തുറവൂർ സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് സർവ്വകലാശാല ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളത്;

(ബി) കണ്ടെത്തിയ സ്ഥലം എവിടെയാണെന്നും എത്ര ഏക്കർ വരുമെന്നും ആരൊക്കെയാണ് സ്ഥലം ഉടമകൾ എന്നും വിശദമാക്കാമോ;

(സി) സ്ഥലത്തിന്റെ വില നിർണ്ണയിച്ച് ഉടമകൾക്ക് നൽകുന്നതിനുള്ള ഡി.എൽ.പി.സി. കൂടിയോ എന്ന് അറിയിക്കാമോ;

(ഡി) ഡി.എൽ.പി.സി. കൂടുന്നതിന് ഇനി എത്ര നാൾ വേണ്ടിവരുമെന്നും ഇതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും വിശദമാക്കാമോ;

(ഇ) നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും സ്ഥലത്തിനുള്ള വില നൽകണമെന്നുള്ള നിർദ്ദേശം സർവ്വകലാശാലാ അധികൃതരെയും ജില്ലാ കളക്ടറെയും അരൂർ എം.എൽ.എ. അറിയിച്ചിട്ടുണ്ട് എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിരവധി കോഴ്സുകൾ ഉള്ള ഈ സബ് സെന്ററിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് എത്രയും വേഗം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ?

ഒല്ലൂർ നിയോജക മണ്ഡലത്തിലെ റീ സർവ്വെ

916. **ശ്രീ.കെ. രാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ വില്ലേജുകളിൽ റീ സർവ്വെ പൂർത്തിയാക്കിയവയുടെയും പൂർത്തിയാക്കാത്തവയുടെയും ലിസ്റ്റ് ലഭ്യമാക്കാമോ:

(ബി) പട്ടയം ലഭിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടും റീ സർവ്വെ പൂർത്തീകരിക്കാത്തതുമൂലം പട്ടയം ലഭിക്കാത്ത എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റീ സർവ്വെ പൂർത്തീകരിക്കാത്ത വില്ലേജുകളിൽ അടിയന്തരമായി റീ സർവ്വെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കായംകുളം ഫിഷിംഗ് ഹാർബർ സ്ഥലം കയ്യേറ്റം ഒഴിപ്പിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടി

917. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിൻെറ സ്ഥലം സർവ്വേ ചെയ്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഹാർബറിൻെറ സ്ഥലം സമീപവാസികൾ കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് എത്ര ഭൂമിയാണ് അക്വയർ ചെയ്തിട്ടുള്ളത്;

(ഡി) ഹാർബറിനായി ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര ഭൂമിയാണ് കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്

(ഇ) സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

ചെല്ലാനം വില്ലേജ്

918. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിൽ ഉൾപ്പെട്ട ചെല്ലാനം പഞ്ചായത്തിന്റെ ഒരു ഭാഗം ചെല്ലാനം വില്ലേജിലും ബാക്കി ഭാഗം കുമ്പളങ്ങി രാമേശ്വരം വില്ലേജുകളിലുമാണെന്നത് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ചെല്ലാനം വില്ലേജ് ഒഴികെയുള്ള മറ്റ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പുതിയ വില്ലേജ് (കണ്ണമാലി) വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ വില്ലേജ് രൂപീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

മലപ്പുറം കോട്ടപ്പടി ബൈപ്പാസിന്റെ സ്ഥലമെടുപ്പ്

919. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് സ്ഥലമുടമകൾക്ക് നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഈ തുക വിതരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഒല്ലൂർ മണ്ഡലത്തിലെ പട്ടയവിതരണം

920. ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വിവിധ ഇനങ്ങളിലായി പട്ടയം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും നൽകുമോ;

(സി) മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

വിവാദമായ സർക്കാർ ഉത്തരവുകൾ

921. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് റവന്യൂവകുപ്പ് ഇറക്കിയ പല ഉത്തരവുകളും വിവാദമായത് ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഉത്തരവുകൾ ഇറക്കിയതിനെതിരെ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു; ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിയ്ക്കുന്നുവെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ ക്യാബിനറ്റിൽ വച്ച് നടത്തിയ ഉത്തരവുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഇ) നിലം നികത്താൻ അനുമതി കൊടുത്തത് ആർക്കൊക്കെയാണ്; വിശദമാക്കുമോ;

(എഫ്) അനധികൃതമായി സർക്കാർ ഭൂമികൾ പതിച്ചു കൊടുത്തത് ഏതൊക്കെ സംഘടനകൾക്ക്/വ്യക്തികൾക്ക് എന്ന് വിശദമാക്കാമോ?

ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺ ലൈനായി നൽകുന്ന പദ്ധതി

922. ശ്രീ.അൻവർ സാദത്ത്
,, എ.പി. അനിൽ കുമാർ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺ ലൈനായി നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ ;

(സി) എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ഇതുവഴി ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ ?

ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ

923. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ പണി പൂർത്തിയായ ശേഷവും നിശ്ചയിക്കപ്പെട്ട ഓഫീസുകൾ സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്ക് ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് നേരിടുന്ന സാമ്പത്തിക തടസ്സം പരിഹരിക്കുമോ;

(സി) താലൂക്ക് ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറുന്നതിന്റെ സാങ്കേതിക തടസ്സമെന്തെന്ന് വ്യക്തമാക്കുമോ; ആയത് ഉടൻ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എത്ര മാസത്തിനകം മാറ്റുമെന്ന് വ്യക്തമാക്കുമോ?

<u>ചെല്ലഞ്ചി പാലം നിർമ്മാണത്തിനായി വിട്ടു നല്കിയ ഭൂമിക്ക് നഷ്ടപരിഹാരം</u>

924. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമിയുടെ വിസ്തൃതി എത്രയാണെന്നും ഇവ ഏതൊക്കെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയായിരുന്നുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പാലം നിർമ്മാണത്തിനായി വിട്ടു നല്കിയ ഭൂമിക്ക് നഷ്ടപരിഹാരം നല്കുന്നതിന് അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നഷ്ടപരിഹാരത്തുക വിതരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ തുക ഭൂഉടമകൾക്ക് നല്കാത്തതെന്ന് വിശദമാക്കുമോ;

(ഡി) നഷ്ടപരിഹാരത്തുക നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി എത്രയും വേഗം ഇത് അർഹരായവർക്ക് നല്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ചാലക്കുടി ഹൗസിംഗ് ബോർഡ് വക സ്ഥലം</u>

925. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത് വർഷങ്ങൾക്ക് മുൻപ് ചാലക്കുടി ഹൗസിംഗ് ബോർഡ് വക സ്ഥലം വിലയ്ക്ക് വാങ്ങിയവർക്ക് ഇനിയും തീറാധാരം നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി സംബന്ധിച്ച കേസുകളെല്ലാം തീർപ്പാക്കിയ സാഹചര്യത്തിൽ ഇവർക്ക് തീറാധാരം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ചാലക്കുടി മണ്ഡലത്തിലെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി</u>

926. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകളിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിവിധ വകുപ്പുകൾക്ക് കീഴിൽ വികസനത്തിന് ആവശ്യമില്ലാത്ത പുറമ്പോക്ക് ഭൂമികളിൽ, വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>നെൽവയൽ - തണ്ണീർ തടങ്ങൾ</u>

927. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് പരിധിയിൽ നെൽവയൽ - തണ്ണീർ തടങ്ങൾ (ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടവയടക്കം) മണ്ണിട്ടു നികത്തുന്നതുമായി ബന്ധപ്പെട്ട് പരാതി നൽകിയവരുടെ പേരും, മേൽ വിലാസവും വിശദമാക്കുമോ;

(ബി) നെൽവയൽ - തണ്ണീർതട സംരക്ഷണ നിയമപ്രകാരം ഓരോ പരാതിയിന്മേലും സ്വീകരിച്ച നടപടികൾ തീയതി സഹിതം വിശദമാക്കുമോ;

(സി) സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചകളുണ്ടായെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) മണ്ണിട്ടു നികത്തിയ സ്ഥലങ്ങളിൽ നിന്നും മണ്ണെടുത്ത് മാറ്റുന്നത് സംബന്ധിച്ചുള്ള ഓരോ പരാതിയിന്മേലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഇ) ഇതുവരെ മണ്ണെടുത്ത് മാറ്റിയിട്ടില്ലെങ്കിൽ അടിയന്തരമായി മണ്ണ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരളത്തിലെ സബ് താലൂക്കുകൾ

928. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ് താലൂക്കുകൾ ഉണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ പൂർണ്ണ താലൂക്ക് പദവിയിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(സി) കുന്ദമംഗലം സബ് താലൂക്കിനെ താലൂക്കായി ഉയർത്തുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മംഗലശ്ശേരി തോട്ടം നിവാസികളുടെ പട്ടയപ്രശ്നം

929. **ശ്രീ.ജോർജ് എം. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് താഴക്കോട് വില്ലേജ് ചേന്ദമംഗല്ലൂർ- മംഗലശ്ശേരി തോട്ടം നിവാസികൾക്ക് നിരവധി വർഷങ്ങളായി ഭൂഉടമസ്ഥത സംബന്ധിച്ച് സർക്കാർ രേഖകൾ ലഭ്യമല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഉടമസ്ഥത സംബന്ധിച്ച് നിലവിൽ എന്തെല്ലാം സാങ്കേതിക പ്രശ്നങ്ങളാണുള്ളതെന്ന് വിശദമാക്കാമോ;

(സി) സാങ്കേതിക പ്രശ്നങ്ങൾ എളുപ്പത്തിൽ പരിഹരിക്കുന്നതിന് എന്തെല്ലാം സത്വര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സാങ്കേതിക പ്രശ്നങ്ങൾ വളരെ വേഗത്തിൽ പരിഹരിച്ച് മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## കാസർഗോഡ് ജില്ലയിലെ വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ, കളക്ടറേറ്റ് എന്നിവിടങ്ങളിലെ തപാൽ/ഫയലുകൾ

930. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന തപാൽ/ഫയലുകളിൽ ഇപ്പോൾ എത്ര ദിവസത്തിനകം തീർപ്പ് കല്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തപാൽ/ഫയലുകളിൽ പത്ത് ദിവസത്തിനകം ഇടക്കാല മറുപടി/തീർപ്പുകല്പിക്കൽ നടത്താൻ നടപടി ഉണ്ടാകുമോ;

(സി) ഇവിടങ്ങളിൽ എത്ര ഫയലുകൾ പെന്റിംഗായിട്ടുണ്ടെന്നും ആറ് മാസത്തിലധികം പെന്റിംഗായ എത്ര

ഫയലുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ദീർഘ കാലങ്ങളായി പെന്റിംഗായ ഫയലുകളിൽ തീർപ്പ് കല്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ പ്രളയദുരിതാശ്വാസ പ്രവൃത്തികൾ

931. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം കോഴിക്കോട് ജില്ലയിൽ പ്രളയദുരിതാശ്വാസ പ്രവൃത്തികൾക്ക് എത്ര രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഓരോവർഷവും ഈ പ്രവൃത്തികൾക്കായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഇനത്തിൽ നടപ്പിലാക്കിയ പ്രവർത്തികൾ

932. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഇനത്തിൽ എത്ര തുക നീക്കിയിരിപ്പുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ പ്രധാന പ്രവർത്തികൾ ഏതെല്ലാം; ഇതിൽ കൊയിലാണ്ടിയിൽപ്പെടുന്ന പ്രവർത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പയ്യോളി കോട്ടതുരുത്തി ദ്വീപിന് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിൽ ഏതിനെല്ലാം അംഗീകാരം നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) ഒട്ടനവധി കുടുംബങ്ങൾ താമസിക്കുന്ന കോട്ടതുരുത്തി ദ്വീപിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ ആവശ്യമായ ഫണ്ട് ആർ.എം.എഫ്. ൽ അനുവദിക്കാൻ നടപടികൾ സ്വീകരിക്കാമോ?

കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

933. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത് മൂലം കുടിയിറക്കപ്പെടുന്നവർക്കുള്ള നഷ്ട പരിഹാരം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടിയിറക്കപ്പെടുന്നവർക്ക് വിമാനത്താവളത്തിൽ ജോലി നൽകാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ ?

പട്ടികജാതി കോളനികളിലും ലക്ഷംവീടുകളിലും പുറമ്പോക്കിലും താമസിക്കുന്നവർക്ക് പട്ടയം

934. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണമ്പൂര്, കിളിമാനൂർ, ഒറ്റൂർ, വെള്ളല്ലൂർ, നഗരൂർ വില്ലേജുകളിൽ പട്ടികജാതി കോളനികളിലും ലക്ഷംവീടുകളിലും പുറമ്പോക്കിലും താമസിക്കുന്നവർ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ആകെ എത്ര അപേക്ഷകളുണ്ടെന്നും അപേക്ഷകരുടെ പേരും വിലാസവും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(സി) അപേക്ഷകളിൽ നടപടിയെടുക്കുന്നത് അനന്തമായി നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഭൂസമരങ്ങൾ

935. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന ഭൂമസരങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ന്യായമായ ഭൂസമരങ്ങളോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ഭൂസമരസമിതികളുമായി ചർച്ചകൾ നടത്തി പ്രശ്നപരിഹാരത്തിന് മുൻകൈ എടുക്കുമോ എന്ന് വ്യക്തമാക്കാമോ?

നിലമ്പൂരിലെ മിനി സിവിൽ സ്റ്റേഷൻ

936. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ച നിലമ്പൂരിലെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം, ഇതോടൊപ്പം പ്രഖ്യാപിച്ച മറ്റ് ആറ് മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തിയായിട്ടും പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിയ്ക്കുമോ?

പയ്യന്നൂർ മിനി സിവിൽസ്റ്റേഷൻ പ്രവർത്തനം

937. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ നിർമ്മാണം പൂർത്തീകരിച്ച മിനി സിവിൽസ്റ്റേഷനിൽ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) മിനി സിവിൽസ്റ്റേഷനിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് മുറികൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) മുറികൾ അനുവദിച്ചിട്ടില്ലെങ്കിൽ എതൊക്കെ സ്ഥാപനങ്ങളാണ് മുറികൾ അനുവദിക്കുന്നതിന് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) കെട്ടിടം പണി പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും മുറി അനുവദിക്കാത്തതിനാൽ പല സർക്കാർ സ്ഥാപനങ്ങളും സ്വകാര്യവ്യക്തികൾക്ക് വാടകയിനത്തിൽ വലിയ തുക നൽകി വരുന്ന കാര്യംകൂടി പരിഗണിച്ച് എത്രയുംവേഗം മിനിസിവിൽസ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

മൂവാറ്റുപുഴ മണ്ഡലത്തിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ

938. ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾ പ്രകാരം 2014, 2015, 2016 വർഷങ്ങളിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് തുക സഹിതം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) അനുമതി ലഭിച്ചവയിൽ ഇനിയും പൂർത്തിയാകാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നും അറിയിക്കാമോ?

<u>മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ</u>

939. ശ്രീ.അബ്ദുൽ ഹമീദ് പി. **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുകയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ പ്രസ്തുത ഫണ്ടിൽ നിന്നും ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ഏതൊക്കെ പ്രവർത്തികളാണ് പൂർത്തിയാക്കിയതെന്നും ഇനിയും പൂർത്തിയാക്കാനുള്ളവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട കാരാട്ട് കടവ്, മാപ്പിളത്തൊട്ടുകടവ്, എട്ടിയാട്ട് കടവ്, വേങ്ങഴിയിൽ കടവ് , വെന്നലപ്പറമ്പ് കടവ്, മാസറം കടവ് എന്നീ ആറ് കുളിക്കടവുകൾ ആർ എം എഫ് -ൽ നിന്നും തുക ഉപയോഗിച്ച് റിപ്പയർ ചെയ്യണമെന്ന ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവർത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മൂന്നിയൂർ ഗ്രാമ പഞ്ചായത്തിനെയും പരപ്പനങ്ങാടി നഗര സഭയേയും ബന്ധിപ്പിച്ചു കൊണ്ട് മണലെപ്പാടം കടവിലോ എടത്തിരുത്തി കടവിലോ തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കുമോ?

<u>ഉടുമ്പൻചോല മിനിസിവിൽ സ്റ്റേഷൻ ഉത്ഘാടനം</u>

940. ശ്രീ.എം.എം. മണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്ക് ഓഫീസിനായി പണികഴിപ്പിച്ച മിനിസിവിൽ സ്റ്റേഷൻ ഉത്ഘാടനം നടത്തിയത് എന്നാണ്; പ്രസ്തുത ചടങ്ങിൽ പങ്കെടുത്ത മന്ത്രിമാർ ആരൊക്കെയെ ന്നറിയിക്കുമോ;

(ബി) മിനി സിവിൽ സ്റ്റേഷന്റെ ഉത്ഘാടനം നടന്ന് കഴിഞ്ഞിട്ടും താലൂക്ക് ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ള പുതിയ കെട്ടിടത്തിൽ താലൂക്ക് ഓഫീസിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നിനുള്ള നടപടി സ്വീകരിയ്ക്കുമോ?

<u>ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ അറ്റകുറ്റപ്പണി</u>

941. ശ്രീ.സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിലെ റവന്യൂ ടവറിന്റെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ പണം അനുവദിച്ചിരുന്നോ ; ആകെ എത്ര തുക അനുവദിച്ചിരുന്നു ;

(ബി) ഈ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ ; ഇനി ഏതൊക്കെ ജോലികളാണ് നടക്കുവാനുള്ളത് ;

(സി) ഈ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ മിച്ചഭൂമി

942. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ മിച്ചഭൂമി ലഭ്യമാണൊ എന്ന കാര്യം അറിയിക്കാമോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ ഉപയോഗത്തിലില്ലാത്ത സർക്കാർ ഭൂമി ഉണ്ടോ എന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കയ്യേറ്റഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് നൽകാൻ നടപടി

943. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഏക്കർ കയ്യേറ്റ ഭൂമിയുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കയ്യേറ്റ ഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് നൽകാനും കൃഷി യോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഗ്രൂപ്പ് പട്ടയം വഴി കർഷകർക്ക്നൽകി കൃഷി പ്രോത്സാഹിപ്പിക്കാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഏക്കർ തോട്ട ഭൂമി കയ്യേറ്റക്കാരുടെയും മറ്റ കമ്പനികളുടെയും കൈവശമുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച വിശദാന്വേഷണത്തിന്റെ സ്പെഷ്യൽ ഓഫീസറായിരുന്ന ഡോ. രാജമാണിക്യത്തിന്റെ അന്വേഷണ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) അരിപ്പ/ചെങ്ങറ സമരങ്ങൾക്കാധാരമായ വിഷയങ്ങൾ എന്തെല്ലാം: സമരങ്ങൾക്ക് കഴിഞ്ഞ സർക്കാർ എന്തെങ്കിലും പരിഹാരം കണ്ടെത്തിയോ; ഇല്ലെങ്കിൽ പ്രസ്തുത സമരങ്ങളുടെ പരിഹാരത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

പുല്ലൂരാംപാറ ദുരന്തബാധിതരുടെ പുനരധിവാസം

944. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ആഗസ്റ്റ് 6 നുണ്ടായ പുല്ലൂരാംപാറ ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് കഴിഞ്ഞ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ പതിച്ച് നൽകിയ ഭൂമി വാസയോഗ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്യാംപുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പുനരധിവാസം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കർഷകർക്ക് പ്രഖ്യാപിച്ച നഷ്ടപരിഹാര തുക നൽകുന്നതിന് നടപടി

T 945. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-2015, 2015-2016 സാമ്പത്തിക വർഷങ്ങളിൽ വയനാട്ടിലെ കർഷകർക്ക് കാലവർഷക്കെടുതി, വിളനാശം, വരൾച്ച എന്നിവയിൽ പ്രഖ്യാപിച്ച നഷ്ട പരിഹാര തുക എത്ര;

(ബി) പ്രഖ്യാപിച്ച നഷ്ടപരിഹാര തുകയിൽ എത്ര വിതരണം ചെയ്തു;

(സി) ബാക്കി തുക നല്കുന്നതിനുള്ള നടപടി സ്വീരിക്കുമോ?

കാഞ്ഞിരപ്പള്ളി ബൈപാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ

946. ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ബൈപാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഗതാഗതക്കുരുക്ക് രൂക്ഷമായ കാഞ്ഞിരപ്പള്ളിയിലെ ബൈപാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ?

ഭൂരഹിതർക്കുള്ള ഭൂമി

947. ശ്രീ.പി.കെ. ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ ൽ ഡി എഫ് സർക്കാർ അധികാരമേറുമ്പോൾ സംസ്ഥാനത്താകമാനം സ്വന്തമായി ഭൂമിയില്ലാത്തവർ എത്രയാണെന്നും , അതിൽ പിന്നോക്കവിഭാഗക്കാർ ,പട്ടികജാതി / പട്ടികവർഗ്ഗവിഭാഗക്കാർ എത്രയാണെന്നും പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) യു ഡി എഫ് സർക്കാർ കണ്ടെത്തിയ ഭൂരഹിതർ എത്രയാണെന്നും, പ്രസ്തുത ആളുകൾക്ക് എത്ര സെന്റ് /ഏക്കർ സ്ഥലം (വാസയോഗ്യമായതും അല്ലാത്തതും) വീതം നല്കിയിട്ടുണ്ടെന്നും ആയത് ജില്ല വിട്ട് നല്കിയത് എത്രപേർക്കാണെന്നും അപ്രകാരം നൽകിയ ഭൂമി പല കാരണങ്ങളാൽ സ്വീകരിക്കാൻ കഴിയാത്തവർ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) യു ഡി എഫ് സർക്കാർ ഭൂരഹിതർക്ക് നല്കിയ ശരാശരി ഭൂമി (അളവ്) എത്രയെന്നും കൈയ്യേറ്റക്കാർക്ക് നല്കിയ ശരാശരി ഭൂമി (പതിച്ചു നല്കിയ അളവ്) എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ വ്യക്തികൾ/ട്രസ്റ്റുകൾ/മറ്റുള്ളവർ എന്നിവർക്കായി പതിച്ചുനല്കിയ ഭൂമി എത്ര ഏക്കറാണെന്ന് ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഭൂരഹിതരായ ജനവിഭാഗത്തിന് ഭൂമി നല്കാൻ (അളവുസഹിതം) ഈ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്നും, കഴിഞ്ഞ സർക്കാർ അനധികൃതമായി പതിച്ചു നൽകിയ ഭൂമിയും,ഭൂമികൈയ്യേറ്റക്കാരുടെ കൈവശമുള്ള ഭൂമിയും, കണ്ടെത്തി തിരിച്ചുപിടിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

948. ശ്രീ.എം.എം. മണി
,, ഒ. ആർ. കേളു
,, കെ.കുഞ്ഞിരാമൻ
,, കെ. ബാബു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പേർ അപേക്ഷ നൽകിയെന്നും അതിൽ എത്ര പേർക്ക് സ്ഥലം അനുവദിച്ചുവെന്നും അറിയിക്കുമോ; ആകെ എത്ര സ്ഥലം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പട്ടയം നൽകിയ ഭൂമി യഥാർത്ഥത്തിൽ അനുവദിച്ച നൽകിയിട്ടില്ലെന്ന പരാതികളും അനുവദിച്ച ഭൂമി തന്നെ വാസയോഗ്യമല്ലെന്നുമുള്ള പരാതികളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കാലവർഷക്കെടുതി - നഷ്ടപരിഹാര തുക പരിഷ്കരണം

949. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതി സംബന്ധിച്ച നഷ്ടപരിഹാരത്തുകയുടെ മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് ഏത് വർഷത്തെ അടിസ്ഥാനമാക്കിയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത നഷ്ടപരിഹാര നിരക്ക് കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

950. ശ്രീ.എം.എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ ധനസഹായം ലഭിക്കാതെ വന്നവരുമായ എത്ര അപേക്ഷകർ ഇടുക്കി ജില്ലയിൽ ഉണ്ട്; ഇവർക്ക് ആകെ എത്ര തുക കൊടുത്ത് തീർക്കാനുണ്ട്;

(ബി) 2015 നവംബർ മാസം മുതൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇടുക്കി ജില്ലയിലെ അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് റവന്യൂ വകുപ്പിൽ നിന്നും ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അപേക്ഷകർക്ക് ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വ്യവസായികാവശ്യത്തിന് അനുവദിച്ചു നൽകിയ ഭൂമി തിരിച്ചു പിടിക്കൽ

951. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായികാവശ്യത്തിന് അനുവദിച്ച നൽകിയ ഭൂമിയിൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കാതെ വർഷങ്ങളായി തരിശിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലും മറ്റും വ്യവസായ സംരംഭത്തിനായി നൽകിയ ഇത്തരം ഭൂമി കണ്ടെത്തി സർക്കാരിലേക്ക് തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തിരപ്പള്ളിയാറിന്റെ തീരങ്ങളിലെ അനധികൃത കൈയ്യേറ്റങ്ങൾ

952. ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിലെ ആല, പുലിയൂർ, ബുധനൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഉത്തിരപ്പള്ളിയാറിന്റെ തീരങ്ങൾ അനധികൃത കൈയ്യേറ്റത്തിന് വിധേയമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(സി) ഈ കൈയ്യേറ്റ സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച ആലപ്പുഴ ജില്ലാ കളക്ടർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) അളന്ന് തിട്ടപ്പെടുത്താൻ സർക്കാർ നിർദ്ദേശമുണ്ടെങ്കിൽ അത് നടപ്പാക്കുവാനുള്ള കാലതാമസം വിശദീകരിക്കുമോ ?

<u>പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം</u>

953. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കു നാശം സംഭവിക്കുന്നവർക്കു നഷ്ടപരിഹാരം നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ; വീട് ഭാഗികമായി തകർന്നാലും പൂർണ്ണമായി തകർന്നാലും നൽകുന്ന നഷ്ടപരിഹാരം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർകോട് ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക്എത്ര തുക നഷ്ടപരിഹാരമായി നൽകാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2016 മേയ് 14 നുണ്ടായ ചുഴലിക്കാറ്റിൽ കാസർകോട് മണ്ഡലത്തിന്റെ പലഭാഗങ്ങളിലും സംഭവിച്ച വൻനാശനഷ്ടങ്ങൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; നഷ്ടപരിഹാരത്തിന് എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്; ഈ അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നവരുടെ പേരുവിവരവും അനുവദിച്ച തുകയും വില്ലേജുകൾ തിരിച്ച് വ്യക്തമാക്കുമോ?

<u>കാലവർഷക്കെടുതികൾ നേരിടുന്നതിനായുള്ള നടപടികൾ</u>

954. ശ്രീ.പാറക്കൽ അബ്ദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികൾ നേരിടുന്നതിനായി സംസ്ഥാനത്ത് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാലവർഷക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ എന്നിവർക്കായി എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ ഇതിനകം എത്ര പേർ മരണപ്പെട്ടു; മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാ ഭരണകൂടങ്ങൾക്ക് ഇതു സംബന്ധിച്ച് നൽകിയ പ്രത്യേക നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ?

<u>തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണം</u>

955. ശ്രീ.വി.എസ്.അച്ചുതാനന്ദൻ
**,,** ആർ. രാജേഷ്
**,,** പി.കെ. ശശി
**,,** യു. ആർ. പ്രദീപ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ മുൻസർക്കാർ കൊണ്ടുവന്ന ഭേദഗതി പ്രകാരം അനധികൃത നെൽവയൽ നികത്തലുകളെ ക്രമവൽക്കരിക്കുന്നതു വഴി നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിസ്തൃതി വീണ്ടും കുറയാനിടയാകുന്നതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ നിയമഭേദഗതി പിൻവലിക്കുമോ;

(സി) അനധികൃത നെൽവയൽ നികത്തലുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനായി എന്തെങ്കിലും നടപടികളുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ദുരന്തനിവാരണവകുപ്പിന്റെ ശാക്തീകരണം

956. ശ്രീ.കോവൂർ കുഞ്ഞുമോൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണവകുപ്പിനെ ശാക്തീകരിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനതല ദുരന്തനിവാരണപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ;

(സി) ദുരന്തനിവാരണ വകുപ്പിന്റെ പ്രവർത്തനം സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെടുത്തി സജീവമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ

957. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂക്കുറ്റി വില്ലേജിലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ആലപ്പുഴ കളക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത്; അതിൽ തീർപ്പുകൽപ്പിച്ചവ എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും തീർപ്പുകൽപ്പിക്കാനുള്ള പരാതികൾ എത്ര ; തീർപ്പാക്കാതിരിയ്ക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതികളിൽ തീർപ്പുകൽപ്പിയ്ക്കുന്നതിനുള്ള കാലതാമസം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി ബഹു. മന്ത്രി കൂടി ഉൾപ്പെടുന്ന ഒരു അദാലത്ത് സംഘടിപ്പിയ്ക്കുമോ എന്ന് വ്യക്തമാക്കുമോ?

കെ.ഡി.എച്ച്.നിയമ പ്രകാരമുള്ള ഭൂമി വിതരണം

958. ശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡി.എച്ച്. നിയമ പ്രകാരം , ദേവികുളം താലൂക്കിൽ, ഭൂരഹിത കർഷകർക്ക് പതിച്ച് നൽകുവാനായി എത്ര ഭൂമി നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്ക് പട്ടയ നടപടികൾ പൂർത്തീകരിച്ച് ഭൂമി വിട്ടു നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വേ നടപടികൾക്ക് പ്രത്യേക ടീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ദേവികുളം താലൂക്ക് ഓഫീസിലെ ബി2-1874/16 ലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻെറ ഉത്തരവ് നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കുമോ?

<u>കോതമംഗലം താലൂക്കിൽപ്പെട്ട വില്ലേജുകളിലെ റീസർവ്വേ നടപടികൾ</u>

959. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ കുട്ടംപുഴ വില്ലേജിൽ ഒഴികെ ബാക്കി വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീസർവ്വേ നടപടികൾ പൂർത്തീകരിക്കാത്തത് കൊണ്ട് ഈ വില്ലേജുകളിൽ നിരവധി ഭൂമി സംബന്ധമായ പ്രശ്നങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാക്കിയുള്ള 12 വില്ലേജുകളിലും റീസർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കാമോ;

(ഡി) റീസർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>കൊട്ടാരക്കര പുലമൺ തോടിൻെറ അതിർത്തി നിർണ്ണയം</u>

960. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ പുലമൺ തോടിന്റെ അതിർത്തി നിർണയിച്ച് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയത് എന്നായിരുന്നു;

(ബി) പ്രസ്തുത അതിർത്തിയിൽ തദ്ദേശസ്ഥാപനങ്ങൾ അതിരു കല്ലുകൾ സ്ഥാപിച്ചിരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) അപ്രകാരം അതിർത്തി നിർണയിച്ച് നൽകിയതിന് ശേഷം റവന്യൂ അധികൃതർ വീണ്ടും പ്രസ്തുത തോടിന്റെ അതിർത്തി പുനർ നിർണയിച്ചിരുന്നോ; എങ്കിൽ അതിന്റെ സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളെ അറിയിച്ചിരുന്നോ; വിശദമാക്കുമോ?

<u>മിച്ച ഭൂമി</u>

961. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കണ്ടെത്തിയ മിച്ച ഭൂമി എത്രയെന്നും ഇതിൽ എത്ര അളവ് ഭൂമി എത്ര പേർക്ക് നൽകിയെന്നും എത്ര അളവ് ഭൂമിയിൽ കൈയ്യേറ്റം ഉണ്ടായിയെന്നും വെളിപ്പെടുത്താമോ; കൈയ്യേറ്റ ഭൂമി തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ നാലു ഏക്കറും അതിലധികവുമായി എത്ര പേർക്ക് പട്ടയം നൽകി, ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം ഇവരിൽ എത്ര പേർ ഭൂമി ലഭിക്കാൻ യോഗ്യരാണെന്നും , യോഗ്യതയില്ലാത്തവർ എത്ര എന്നും ഇവർ കൈവശമാക്കിയ ഭൂമി എത്ര എന്നും അന്വേഷിക്കാനും അനധികൃത പട്ടയങ്ങൾ റദ്ദാക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>അങ്കമാലി മണ്ഡലത്തിലെ റിവർ മാനേജ് മെൻറ് ഫണ്ട് പ്രവർത്തനങ്ങൾ</u>

962. **ശ്രീ.റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ് മെന്റ് ഫണ്ട് വിനിയോഗിച്ച് അങ്കമാലി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>നെൽവയൽ നികത്തുന്നതിന് അനുവാദം</u>

963. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ 2010- ന് ശേഷം നെൽവയൽ നികത്തുന്നതിനായി എത്ര പേർക്ക് അനുവാദം നൽകിയെന്ന് വിശദമാക്കുമോ;

(ബി) അനുവാദം ലഭിച്ചവരുടെ പേര്, മേൽവിലാസം, മണ്ണിട്ടു നികത്തുന്നതിന് അനുവദിച്ച സ്ഥലത്തിന്റെ അളവ് , സർവ്വെ നമ്പർ എന്നിവ വ്യക്തമാക്കുമോ?

<u>വീടില്ലാത്തവർക്ക് വീട് നിർമ്മാണത്തിന് പദ്ധതി</u>

964. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മാണത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഹൗസിംഗ് ബോർഡിന്റെ ചങ്ങനാശ്ശേരിയിലെ സ്ഥലത്ത് പുതിയ നിർമ്മാണ പദ്ധതി</u>

965. **ശ്രീ.സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് ചങ്ങനാശ്ശേരി റവന്യൂ ടവറിന് സമീപമുള്ള സ്ഥലത്ത് ഏതെങ്കിലും പുതിയ നിർമ്മാണ പദ്ധതിക്ക് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർമ്മാണ പദ്ധതി എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പദ്ധതിക്കുവേണ്ടി എന്തു തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഭവന നിർമ്മാണ ധനസഹായം ഏകീകരിക്കാൻ നടപടി</u>

966. **ശ്രീമതി.വീണാ ജോർജ്ജ് :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ പല സ്കീമുകളിലായി ഒരേ വിഭാഗത്തിൽപ്പെട്ടവർക്ക് സഹായമായി പല തുകയാണ് ലഭിക്കുന്നുവെന്നതിനാൽ ആയത് ഏകീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഭവന നിർമ്മാണ പദ്ധതികൾ</u>

967. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ഭവന നിർമ്മാണ പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭവന നിർമ്മാണം

968. **ശ്രീമതി.വീണാ ജോർജ്ജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഹൗസിംഗ് സ്കീമുകളിലായി വീട് നിർമ്മാണം തുടങ്ങി പൂർത്തീകരിക്കാത്തവയുടെ ജില്ലതിരിച്ചുള്ള കണക്ക് (എസ്.സി/എസ്.ടി,ജനറൽ എന്നീ വിഭാഗങ്ങളിൽ) ലഭ്യമാക്കുമോ;

(ബി) ആയത് പൂർത്തീകരിക്കുന്നതിനായി സർക്കാർ പദ്ധതി ആവിഷ്ക്കരിക്കുമോ?

സുനാമി വില്ലേജ് വീടുകൾ

969. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേമഞ്ചേരി പഞ്ചായത്തിൽ ടി.ആർ.പി. പ്രകാരം നിർമ്മിച്ചിട്ടുള്ള സുനാമി വില്ലേജ് വീടുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സുനാമി വില്ലേജ് വീടുകൾ നിർമ്മിച്ച് 5 വർഷം കഴിഞ്ഞിട്ടും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വീടുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ സാഫല്യം ഭവന നിർമ്മാണ പദ്ധതി

970. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിൽ സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടില്ലാത്തവർക്ക് പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിലേയ്ക്ക് നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിട സമുച്ചയത്തിൽ താമസിയ്ക്കുന്ന കുടുംബങ്ങൾക്ക് പൊതു സൗകര്യങ്ങളുടെ കുറവ് ഉണ്ടെന്നുള്ള നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളുടെ വികസനം

971. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളുടെ എല്ലാ വികസനവും തീരദേശ പരിപാലന നിയമം ( കോസ്റ്റൽ റെഗുലേഷൻ ആക്റ്റ്) സി.ആർ.ഇസഡ് മൂലം തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ജനങ്ങൾക്ക് ആശ്വാസകരമാം വിധം നടപടികൾ സ്വീകരിക്കുന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തീരദേശ നിവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനും, അറ്റകുറ്റ പണികൾ നടത്തുന്നതിനും സാധിക്കാത്ത സ്ഥിതി നിലനില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് പദ്ധതി

972. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിന്റെ ഭാഗമായി ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് എന്ന പദ്ധതി 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ പദ്ധതിയുടെ പ്രവർത്തനം നടത്താൻ കഴിയാതിരുന്നത് എന്തുകൊണ്ടായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആധുനിക കാലത്തെ ആവശ്യകതയ്ക്കും സാധ്യതയ്ക്കും അനുസൃതമായി ഇത്തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>തീരദേശ വികസന കോർപ്പറേഷൻ</u>

973. ശ്രീ.എം. വിൻസെന്റ്

,, കെ.മുരളീധരൻ

,, വി.എസ്.ശിവകുമാർ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരമേഖലയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തീരദേശ വികസന കോർപ്പറേഷൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യ വികസനമാണ് ഇതിന്റെ ഭാഗമായി ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ?

<u>ഹൈടെക് മത്സ്യ മാർക്കറ്റുകൾ</u>

974. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് മത്സ്യ മാർക്കറ്റുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ് സർക്കാർ ഹൈടെക് മത്സ്യ മാർക്കറ്റ് തുടങ്ങുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നു എന്ന് വിശദമാക്കുമോ;

(സി) നല്ല ഗുണനിലവാരമുള്ള മത്സ്യങ്ങളും മറ്റും ജനങ്ങൾക്ക് ലഭിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ ഹൈടെക് മത്സ്യ മാർക്കറ്റുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

<u>തീരദേശ മേഖലയിലെ വികസന പ്രവർത്തനങ്ങൾ</u>

975. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോസ്റ്റൽ ഏരിയാ ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ കീഴിൽ തീരദേശ മേഖലയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തീരദേശ മേഖലയിൽ പ്രത്യേക പാർപ്പിട പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

തീരദേശ പാർപ്പിട പദ്ധതി

976. ശ്രീ.എ.എം. ആരിഫ്

,, ബി.സത്യൻ

,, കെ.ജെ. മാക്സി

,, കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര തീരദേശ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പശ്ചാത്തല സൗകര്യ വികസനത്തിനായി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കുമോ;

(സി) തീരദേശ നിയന്ത്രണ മേഖല പ്രഖ്യാപനം തീരദേശത്തെ വികസന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാനായി എന്തുചെയ്യാൻ ഉദ്ദേശിക്കുന്നെന്നും അറിയിക്കുമോ?

മത്സ്യ സംസ്കരണവും വിപണനവും

977. ശ്രീ.സി.കൃഷ്ണൻ

,, വി. കെ. സി. മമ്മത് കോയ

,, പുരുഷൻ കടലുണ്ടി

,, ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ സംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മുൻ സർക്കാർ പ്രഖ്യാപിച്ച "കോൾഡ് ചെയിൻ" പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) മത്സ്യ സംസ്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സമഗ്ര കോസ്റ്റൽ മാനേജ്മെന്റ് പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കുമോ?

മാതൃകാ മത്സ്യഗ്രാമ പദ്ധതി

978. ശ്രീ.വി.എസ്.ശിവകുമാർ

,, റോജി എം. ജോൺ

,, അനിൽ അക്കര

,, എം. വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മാതൃകാ മത്സ്യഗ്രാമ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മത്സ്യ തൊഴിലാളികളുടെ സുരക്ഷയ്ക്ക് സംവിധാനം

979. **ശ്രീ.പാറക്കൽ അബ്ദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലത്ത് കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്;

(ബി) ഇതിനായി നാവികസേനയുടെ സഹായം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) മറൈൻ എൻഫോഴ്സ്മെന്റ്, ഫിഷറീസ് വകുപ്പ്, സംസ്ഥാന പോലീസ്, ജില്ലാ ഭരണകൂടം എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് മത്സ്യ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പൂമീൻ വിത്ത് നിക്ഷേപിക്കൽ പദ്ധതി

980. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ജലാശയങ്ങളിൽ മത്സ്യ പൂമീൻ വിത്ത് നിക്ഷേപിക്കൽ പദ്ധതി പ്രകാരം 2011 മുതൽ 2015 വരെ എത്ര രൂപയുടെ വിത്തുകൾ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇങ്ങനെ നിക്ഷേപിക്കുന്ന വിത്തുകളിൽ നിന്നും എത്ര ലക്ഷം രൂപയുടെ അധിക മത്സ്യ ഉല്പാദനം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം സ്വാഭാവിക മത്സ്യസമ്പത്ത് എത്ര മാത്രം വർദ്ധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

## ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതി രൂപീകരണം

981. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടനുസരിച്ചുള്ള സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതി നാളിതുവരെ രൂപീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉൾനാടൻ മത്സ്യമേഖലയുടെ സുസ്ഥിര വികസനം, സംരക്ഷണം, പരിപാലനം, ഉത്തരവാദിത്തപരമായ ജലകൃഷി വികസനം, മത്സ്യതൊഴിലാളികളുടെ ഉപജീവന സുരക്ഷ എന്നിവയ്ക്കായി പര്യാപ്തമായ നിലയിൽ പ്രസ്തുത സമിതി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

## ചമ്പക്കര മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ

982. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ ചമ്പക്കര മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ എന്തെങ്കിലും നവീകരണ പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ചമ്പക്കര മത്സ്യമാർക്കറ്റ് ആധുനിക രീതിയിൽ പണി തീർക്കുന്നതിന് ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുമോ;

(സി) ചമ്പക്കര മാർക്കറ്റ് പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് മെട്രോ റെയിൽ കോർപ്പറേഷൻ അടക്കമുള്ള വിവിധ ഏജൻസികളെ ഏകോപിപ്പിക്കുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ

983. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് 2010 ൽ തുക അനുവദിച്ചിട്ടും കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഇതുവരെ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതു കാരണം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്നും ഇത് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ പദ്ധതികൾ

984. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാല ട്രോളിംഗ് നിരോധനം ഈ വർഷവും നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്ക് തൊഴിലും വരുമാനവുമില്ലാതാകുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികളുടെ പട്ടിണി മാറ്റുന്നതിനായി എന്തെല്ലാം സഹായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വ്യക്തമാക്കുമോ?

തീരനൈപുണ്യ പദ്ധതി

985. ശ്രീ.കെ.കുഞ്ഞിരാമൻ

,, സി.കൃഷ്ണൻ

,, കെ. ദാസൻ

,, കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി ക്ഷേമത്തിനുമായി മുൻ സർക്കാർ 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'തീരനൈപുണ്യ പദ്ധതി'- യുടെയും 'ഫിഷ്ബഡ്സിന്റെ' വ്യാപനത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയുടെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്കായി എത്ര തുക വീതം നീക്കിവെച്ചിരുന്നുവെന്നും, അതിൽ എത്ര തുക ചെലവഴിച്ചെന്നും ,പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്ക് ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ;

(സി) സമഗ്ര തീരദേശവികസനം ലക്ഷ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കാസർകോട് കസബ കടപ്പുറത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

986. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് കസബ കടപ്പുറത്ത് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് താമസിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; എത്ര വീടുകളിലായിട്ടാണ് ഈ കുടുംബങ്ങൾ താമസിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവിടത്തെ വീടുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ നമ്പർ ലഭിച്ചിട്ടുണ്ടോ; നമ്പർ ലഭിക്കാത്ത വീടുകൾ ഉണ്ടെങ്കിൽ അതിനുളള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡ് ലഭിക്കാത്ത കുടുംബങ്ങൾ ഇവിടെ ഉണ്ടോ; എങ്കിൽ അവയുടെ എണ്ണം വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത വീടുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വളളവും വലയും നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; നഷ്ട പരിഹാരത്തിന് കിട്ടിയ അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകളിന്മേൽ എടുത്ത തീരുമാനവും അറിയിക്കാമോ?

<u>സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം</u>

987. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ട്രോളിംഗ് നിരോധിക്കുന്നതുമൂലം മത്സ്യസമ്പത്ത് വർദ്ധിക്കുന്നതായി പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു പഠന റിപ്പോർട്ട് ശാസ്ത്രീയമായി തയ്യാറാക്കാൻ മുൻകൈ എടുക്കുമോ?

<u>അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കാനും നടപടി</u>

988. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ലഭ്യതയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണമെന്തൊണെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കടലിൽ നിന്ന് ചെറുമത്സ്യങ്ങളെ വളം നിർമ്മാണത്തിനും മറ്റുമായി വ്യാപകമായ തോതിൽ പിടിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അനിയന്ത്രിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം തടയുന്നതിനും സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>മത്സ്യത്തൊഴിലാളി രംഗത്ത് വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികൾ</u>

989. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി രംഗത്ത് വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ വകുപ്പ് ഉൾപ്പെടെ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) ഇവയെ ഏകോപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇവയിൽ നിന്ന് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

<u>പൊതുജലാശയങ്ങളിൽ മത്സ്യകൃഷി</u>

990. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനെതിരെയുള്ള തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 25-9-2014ലെ 41630/ആർ.സി/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൾനാടൻ ഫിഷറീസും അക്വാ കൾച്ചറും ചട്ടങ്ങൾക്ക് വിരുദ്ധമായതും, കേരളത്തിന്റെ ഉൾനാടൻ മത്സ്യകൃഷി വികസനത്തെ തടയുന്നതുമായ പ്രസ്തുത സർക്കുലർ പിൻവലിച്ച്, പൊതുജലാശയങ്ങളിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത നിലയിൽ പുതിയ സാങ്കേതികവിദ്യകളുപയോഗിച്ച് മത്സ്യകൃഷി നടത്തുന്നതിന് അനുമതി നൽകുന്നതിന് ആവശ്യമായ പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പുല്ലുകുളങ്ങരയിലെ ഫിഷ് മാർക്കറ്റ്

991. **ശ്രീമതി യു. പ്രതിഭാ ഹരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പുല്ലുകുളങ്ങരയിൽ പ്രവർത്തിക്കുന്ന ഫിഷ് മാർക്കറ്റ് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലം ഏറ്റെടുത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ഫിഷ് മാർക്കറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## മത്സ്യസംസ്കരണത്തിനും മത്സ്യ വിതരണത്തിനുമായുള്ള പദ്ധതികൾ

992. **ശ്രീ.എം. നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ബഡ്ജറ്റിൽ മത്സ്യസംസ്കരണത്തിനും മത്സ്യ വിതരണത്തിനും എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ; എന്തെങ്കിലും പ്രവൃത്തി നടത്താൻ കഴിഞ്ഞോയെന്ന് വിശദമാക്കുമോ;

(സി) മത്സ്യ സംസ്കരണത്തിനായി ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ദുരിതാശ്വാസ നിധി

993. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനും മരിച്ചവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും പ്രത്യേക ദുരിതാശ്വാസ നിധി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു ദുരിതാശ്വാസനിധി നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ

994. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനം വകുപ്പിന്റെ കൈവശമുള്ള ഈ സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള

നടപടി എത്രത്തോളമായെന്ന് വ്യക്തമാക്കാമോ ; സ്ഥലം കൈമാറ്റത്തിനുള്ള തടസ്സങ്ങൾ നീക്കി ആധുനിക സൗകര്യങ്ങളോടു കൂടിയ സെന്ററിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കൊച്ചി ചെല്ലാനം മിനി ഫിഷിങ് ഹാർബർ നിർമ്മാണം

995. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം മിനി ഫിഷിങ് ഹാർബറിന്റെ 2-ാം ഘട്ട നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെ എത്തി; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹാർബറിലേയ്ക്കുള്ള റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

തീരദേശ മേഖലയിലെ മാലിന്യ പ്രശ്നം

996. **ശ്രീ.എം. മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തീരദേശ മേഖലകളിൽ, നഗര പ്രദേശങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ കൊണ്ടുവന്നു നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശ മേഖലയിലെ മാലിന്യ സംസ്കരണത്തിനായി ജൈവമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) തങ്കശ്ശേരി ഹാർബറിലെ മാലിന്യ സംസ്കരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) തങ്കശ്ശേരി ഹാർബറിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപടി സ്വീകരിക്കുമോ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

997. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗത്ത് ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാഥമിക നടപടികൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാരംഭനടപടികളുടെ ഭാഗമായുള്ള സാദ്ധ്യതാ പഠനങ്ങളുടേയും വിലയിരുത്തലുകളുടേയും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മേൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) സാദ്ധ്യതാ പഠന ആവശ്യത്തിലേക്കായി നാളിതുവരെ എത്ര രൂപ അനുവദിച്ചുവെന്നും ഇതിൽ എത്ര രൂപ വിനിയോഗിച്ചുവെന്നും അറിയിക്കുമോ;

(ഡി) ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് നാളിതുവരെ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും തീരുമാനത്തിൽ എത്തിയിട്ടുണ്ടോ; പ്രസ്തുത ഫിഷിംഗ് ഹാർബറിൻെറ പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ബേപ്പൂർ ഫിഷറീസ് കൺട്രോൾ റൂം

998. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പൊന്നാനി മുതൽ വടകര ചോമ്പാൽ വരെയുള്ള കടൽ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ബേപ്പൂരിലെ ഫിഷറീസ് കൺട്രോൾ റൂമിൽ സുരക്ഷാ സംവിധാനങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധുനിക സൗകര്യങ്ങളോടുകൂടിയ ഇരുമ്പ് ബോട്ടും മറ്റ് ഉപകരണങ്ങളും അനുവദിച്ച് കടൽ രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) തീരക്കടലിലും ഉൾക്കടലിലും അപകടത്തിൽപെടുന്നവരെ രക്ഷിക്കുന്നതിനായി നിയമിച്ച കടൽ സുരക്ഷാ ഗാർഡുമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജോലി സമയം 8 മണിക്കൂറാക്കി ജോലിസ്ഥിരത ഉറപ്പാക്കണമെന്ന ഇവരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കൊയിലാണ്ടി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ</u>

999. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടന്നു വരുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ;

(ബി) തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടിയിൽ നടന്നുവരുന്ന വികസന പദ്ധതികൾ വിശദമാക്കാമോ;

(സി) കെ.എസ്.സി.എ.ഡി.സി മുഖേന നടപ്പാക്കുന്നതിനായി കോഴിക്കോട് നിന്നും സമർപ്പിച്ച പ്രൊപ്പോസലുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

<u>പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം</u>

1000. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ,ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഹാർബറിനുവേണ്ട മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ സി. ഡബ്ളിയു.പി.ആർ.എസ്- നെ ചുമതലപ്പെടുത്തിയതിനുശേഷം എന്തൊക്കെ പഠനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് ;

(സി) ഇനി ഏതൊക്കെ പഠനങ്ങളാണ് നടത്താൻ ബാക്കിയുള്ളത് ; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എപ്പോഴേക്ക് ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകുമോ ?

<u>കശുവണ്ടി മേഖലയിലെ ജോലി സ്ഥിരത</u>

1001. ശ്രീ.കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികളുടെ ജോലി സ്ഥിരത

ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) കശുവണ്ടി മേഖലയിലെ ചെറുകിട വ്യവസായങ്ങളേയും സ്ഥാപനങ്ങളേയും സംരക്ഷിക്കാൻ പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി

T 1002. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ പൂട്ടിയിട്ടിരിക്കുന്ന 13 കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനും തൊഴിലാളികൾക്കും ജോലിയിൽ നിന്ന് വിരമിച്ചവർക്കുമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ജയലക്ഷ്മി,
തിരുവനന്തപുരം, സെക്രട്ടറി-ഇൻ-ചാർജ്ജ്,
02-07-2016

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.